بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 7

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

www.akhbarbadrqadian.in

2016 ഏപ്രിൽ 21/ഹി:ശം:1395 ശഹാദത്ത് 21/ഹി:ഖ: 1437 റജബ് 13

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 മാർച്ച് 18 ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**ദൈവത്തിന്റെ രൂപം ദർശിക്കാനുള്ള കണ്ണാടിയാണ് നബി. ഈ കണ്ണാടിയിലൂടെ ദൈവത്തിന്റെ മുഖം കാണുമാറാകുന്നു. ലോകോൽപത്തി മുതൽ ദൈവത്തെ തിരിച്ചറിയുക എന്ന അഭൗമികാവസ്ഥ നബിയെ തിരിച്ചറിയുന്നതുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇതുകൊണ്ട് നബിയെക്കൂടാതെ തൗഹീദ് അഥവാ ഏകദൈവത്തിലുള്ള ദൃഢവിശ്വാസം ലഭ്യമാകുമെന്ന ധാരണ അസംഭാവ്യവും അസാധ്യവുമാകുന്നു. തൗഹീദിന്റെ സ്രഷ്ടാവും തൗഹീദിന്റെ പിതാവും തൗഹീദിന്റെ ഉത്ഭവവും തൗഹീദിന്റെ പരിപൂർണപ്രതീകവും നബിയൊന്നുമാത്രമാണ്. അവർ മുഖേനയാണ് മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മുഖം കാണാൻ കഴിയുന്നതും ദൈവം ഉണ്ടെന്ന് അറിയാൻ സാധിക്കുന്നതും.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അറിവ് നൽകുന്നവരും, അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് പഠിപ്പിക്കുന്നവരും നബിമാർ മാത്രമാണെന്നും നമ്മൾ ഓർക്കേണ്ടതാണ്. ഈ പരിശുദ്ധാത്മാക്കൾ ലോകത്തു വന്നിട്ടില്ലായിരുന്നെങ്കിൽ നേരായ മാർഗം സുദൃഢമായ നിലയിൽ പ്രാപിക്കുകയെന്നത് തടസ്സമുള്ളതും സാധ്യതയറ്റതുമായ കാര്യമാകുമായിരുന്നു. ആകാശഭൂമികളെ സംബന്ധിച്ച് ചിന്തിച്ചും അവയുടെ ഉന്നതവും ബലവത്തായതുമായ ക്രമീകരണം വീക്ഷിച്ചും യുക്തിഭദ്രമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ള ആരെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുമെന്നത് ശരിതന്നെ. എന്നാൽ, ഈ വാക്യത്തിൽ ഉണ്ടായിരിക്കണം എന്ന വചനവും യഥാർഥത്തിൽ അവൻ ഉണ്ട് എന്ന വചനവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഉണ്ട് എന്ന ദൃഢമായ അറിവുനൽകുന്നവർ നബിമാർ അലയ്ഹിമുസ്സലാം മാത്രമാണ്. അവർ ആയിരക്കണക്കിന് അടയാളങ്ങൾ കൊണ്ടും സൂക്ഷ്മാൽ സൂക്ഷ്മവും സർവശക്തിയുടേയും സമ്മേളനകേന്ദ്രവുമായ ആ അസ്തിത്വം യഥാർഥത്തിലുണ്ടെന്ന് ലോകത്തിന് സ്ഥാപിച്ച് കാണിച്ചുകൊടുത്തു. പ്രപഞ്ചവ്യവസ്ഥിതി കണ്ടിട്ട് യഥാർഥ സ്രഷ്ടാവിന്റെ ആവശ്യകത അനുഭവപ്പെടുന്നത്ര ബുദ്ധിയുടെ നിലയും നുബുവ്വത്തിന്റെ കിരണങ്ങളിൽനിന്നുതന്നെ പ്രാപ്യമായതാണ്. നബിമാരുടെ സാന്നിധ്യം ഇല്ലായിരുന്നെങ്കിൽ ഈ നിലയിലുള്ള ബുദ്ധിയും ആർക്കും ലഭിക്കുമായിരുന്നില്ല. ഉദാഹരണത്തിന്, ഭൂമിയ്ക്കടിയിൽ ജലമുണ്ട്. എന്നാൽ, ആ ജലത്തിന്റെ നിലനിൽപ്പും സാന്നിധ്യവും ആകാശജലവുമായി ബന്ധപ്പെട്ടതാണ്. ആകാശത്തുനിന്ന് ജലം വർഷിക്കാതെ വരുമ്പോൾ ഭൂമിയിലെ ജലവും വറ്റിപ്പോകുന്നു. അത് വർഷിക്കുമ്പോൾ ഭൂമിയിൽ ജലം അലതല്ലുന്നു. ഇതേ പ്രകാരം നബിമാരുടെ ആഗമനത്തോടെ ബുദ്ധിയ്ക്ക് മൂർച്ചകൂടുന്നു. ഭൗമ്യജലമായ ബുദ്ധി അതിന്റെ ആ സ്ഥിതിയിൽ നിന്ന് പുരോഗതി പ്രാപിക്കുന്നു. പിന്നീട് ദീർഘകാലത്തേയ്ക്ക് ഒരു നബിയും വരുന്നില്ലെങ്കിൽ ബുദ്ധിയുടെ ഭൗമികജലം ദുഷിക്കുകയും വറ്റാൻ തുടങ്ങുകയും ചെയ്യുന്നു. ബിംബാരാധനയും ബഹുദൈവാരാധനയും മറ്റു പലതരം അധർമങ്ങളും പരക്കുന്നു. കണ്ണിൽ ഒരു പ്രകാശം ഉണ്ടെങ്കിൽ പോലും സൂര്യനെ ആശ്രയിക്കേണ്ടിവരുന്നതുപോലെ കണ്ണിന്റെ സാമ്യരൂപമായ ലൗകികബുദ്ധി എപ്പോഴും പ്രവാചകത്വ സൂര്യനെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. ആ സൂര്യൻ മറയുമ്പോഴെല്ലാം അതിൽ പൊടുന്നനെ കലക്കവും ഇരുട്ടും ഉണ്ടാകുന്നു. കണ്ണുള്ളതുകൊണ്ടു മാത്രം നിങ്ങൾക്കെന്തെങ്കിലും കാണാൻ കഴിയുമോ? ഒരിക്കലുമില്ല. ഇതേപ്രകാരം നുബുവ്വത്തിന്റെ പ്രകാശകിരണം പതിയാതെ നിങ്ങൾക്കൊന്നും കാണാൻ സാധ്യമല്ല.

ചുരുക്കിപ്പറഞ്ഞാൽ ലോകോൽപത്തി മുതൽ ദൈവത്തെ തിരിച്ചറിയുക എന്ന അഭൗമികാവസ്ഥ നബിയെ തിരിച്ചറിയുന്നതുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇതുകൊണ്ട് നബിയെക്കൂടാതെ തൗഹീദ് അഥവാ ഏകദൈവത്തിലുള്ള ദൃഢവിശ്വാസം ലഭ്യമാകുമെന്ന ധാരണ അസംഭാവ്യവും അസാധ്യവുമാകുന്നു. ദൈവത്തിന്റെ രൂപം ദർശിക്കാനുള്ള കണ്ണാടിയാണ് നബി. ഈ കണ്ണാടിയിലൂടെ ദൈവത്തിന്റെ മുഖം കാണുമാറാകുന്നു. ദൈവം തന്നത്താൻ പ്രത്യക്ഷപ്പെടാൻ ഉദ്ദേശിക്കുമ്പോൾ തന്റെ ശക്തിപ്രഭാവത്തിന്റെ പ്രതീകമായ നബിയെ ലോകത്തേയ്ക്ക് അയക്കുന്നു. അദ്ദേഹത്തിൽ വെളിപാടിറക്കുന്നു. അപ്പോഴാണ് ദൈവമുണ്ടെന്ന സംഗതി ലോകത്തിന്നറിയാൻ കഴിയുന്നത്. ദൈവത്തിന്റെ സനാതനമായ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവനെ തിരിച്ചറിയുന്നതിന് ഏതൊരുകൂട്ടരുടെ സാന്നിധ്യം അത്യാവശ്യമായ നിലയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ അവരിൽ വിശ്വസിക്കുകയെന്നത് തൗഹീദിന്റെ തന്നെ ഒരുഭാഗമാണ്. ഈ വിശ്വാസം കൂടാതെ തൗഹീദിലുള്ള വിശ്വാസം പരിപൂർണ്ണമാകുകയില്ല. ആ ദൈവിക അടയാളങ്ങളും ദിവ്യജ്ഞാനംവരെ എത്തിക്കുന്നതും നബിമാർ കാണിക്കുന്നതുമായ ദൃഷ്ടാന്തങ്ങളും കൂടാതെ അനുഭവജ്ഞാനത്തിന്റെ ഉറവിൽനിന്ന് ഉത്ഭൂതമാകുന്ന കറയറ്റ പരിപൂർണ തൗഹീദ് കൈവരിക അസാധ്യമാണ്. ആ മഹത്തുക്കൾ തന്നെയാണ് ദൈവത്തെ പ്രദർശിപ്പിക്കുന്നത്. അവരിലൂടെ സൂക്ഷ്മനിൽ സൂക്ഷമ്നും മറഞ്ഞവരിൽ മറഞ്ഞവനും അദൃശ്യനിൽ അദൃശ്യനുമായ ദൈവം വെളിപ്പെടുന്നു. ദൈവം എന്ന പേരുള്ള ആ ഗോപ്യനിധി നബിമാർ മുഖേന മാത്രമാണ് എന്നും തിരിച്ചറിയപ്പെട്ടിട്ടുള്ളത്. ദൈവസന്നിധിയിൽ സ്വീകാര്യമായതും കർമപരമായ നിറം പരിപൂർണമായ നിലയിൽ അഭിഷേകം ചെയ്യപ്പെട്ടതുമായ ആ തൗഹീദ് നബിമാരെക്കൂടാതെ ലഭിക്കുമെന്നത് ബുദ്ധിയ്ക്കു വിരുദ്ധമാണെന്നതുപോലെതന്നെ അല്ലാഹുവിന്റെ മാർഗത്തിൽ പ്രയാണം ചെയ്യുന്നവരുടെ അനുഭവത്തിനും എതിരാണ്.

മോക്ഷപ്രാപ്തിക്ക് കേവലം ഏകദൈവത്തിലുള്ള വിശ്വാസം പോരേ, നബിയിൽ വിശ്വസിക്കേണ്ടതുണ്ടോ എന്ന് അജ്ഞരായ ചിലയാളുകൾ സംശയിക്കാറുണ്ട്. അവർ ആത്മാവിനെ ശരീരത്തിൽനിന്ന് വേർപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നർഥം. ഈ സംശയം അപ്പടി ഹൃദയാന്ധതയിലധിഷ്ഠിതമാണ്. തൗഹീദെ ഹഖീഖി അതായത് സാക്ഷാൽ ഏകദൈവത്തിന്റെ സാന്നിധ്യം തന്നെ നബിമാർ മുഖേന സ്ഥാപിതമാകുകയും അവരെക്കൂടാതെ ആ വിശ്വാസം കിട്ടാതെ വരികയും ചെയ്യുമ്പോൾ നബിയിൽ വിശ്വസിക്കാതെ അത് കരഗതമാകുന്നതെങ്ങനെ? തൗഹീദിന്റെ വേരായി നിൽക്കുന്ന നബിയെ വിശ്വാസകാര്യത്തിൽ നിന്ന് വേർപെടുത്തുകയാണെങ്കിൽ അതെങ്ങനെയാണ് നിലനിൽക്കുക. തൗഹീദിന്റെ സ്രഷ്ടാവും തൗഹീദിന്റെ പിതാവും തൗഹീദിന്റെ ഉത്ഭവവും തൗഹീദിന്റെ പരിപൂർണപ്രതീകവും നബിയൊന്നുമാത്രമാണ്. അവർ മുഖേനയാണ് മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മുഖം കാണാൻ കഴിയുന്നതും ദൈവം ഉണ്ടെന്ന് അറിയാൻ സാധിക്കുന്നതും. ഒരു വശത്ത് ഐശ്വര്യപൂർണനും പരാശ്രയരഹിതനും പ്രതാപവാനുമായ അല്ലാഹുവിന്റെ അസ്തിത്വം നിലകൊള്ളുന്നു. ആരെങ്കിലും സന്മാർഗത്തിലാകുന്നതും ദുർമാർഗത്തിലാകുന്നതുമൊന്നും അവന് പ്രശ്നമല്ല. മറുവശത്ത് താൻ തിരിച്ചറിയപ്പെടണമെന്നും അനാദികാലം മുതൽക്കെയുള്ള തന്റെ കാരുണ്യത്തിൽനിന്ന് ജനങ്ങൾ ഫലമെടുക്കണമെന്നും അവൻ സ്വാഭാവികമായി താൽപര്യപ്പെടുകയും ചെയ്യുന്നു. സ്നേഹവും സാമീപ്യവും പരിശുദ്ധിയും സ്വായത്തമാക്കുന്നതിനുവേണ്ടി സ്വാഭാവികമായ ശക്തി പരിപൂർണമായനിലയിൽ സംഭരിച്ചിട്ടുള്ള ഹൃദയങ്ങളിൽ, പ്രകൃത്യാൽതന്നെ മനുഷ്യകുലത്തോടു തികഞ്ഞ നിലയിൽ സഹതാപമുള്ള ഹൃദയങ്ങളിൽ അവൻ വെളിപ്പെടുന്നു. അതിൽ തന്റെ അസ്തിത്വത്തിന്റെ അനാദിയും അനശ്വരവുമായ സവിശേഷ ഗുണങ്ങളുടേയും പ്രകാശം പ്രകടിപ്പിക്കുന്നു. ഇപ്രകാരം ആ വിശേഷജ്ഞനും ഉന്നതപ്രകൃതിയുടെ ഉടമയുമായ മനുഷ്യനെ (ഇദ്ദേഹത്തെ മറ്റു വാക്കുകളിൽ നബി എന്നു പറയുന്നു) അവനിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നീട് ആ നബി, മനുഷ്യകുലത്തോടുള്ള അതിയായ അനുകമ്പ അദ്ദേഹത്തിന്റെ മനസ്സിൽ അലതല്ലുന്ന കാരണത്താൽ തന്റെ ആത്മീയമായ ആഭിമുഖ്യവും കരഞ്ഞുകരഞ്ഞു കൊണ്ടുള്ള പ്രാർഥനയും വിനയവും കൊണ്ട് തന്നിൽ വെളിപ്പെട്ട ആ ദൈവത്തെ മറ്റുള്ളവരും തിരിച്ചറിയുമാറാകണമെന്നും മോക്ഷം സിദ്ധിക്കുമാറാകണമെന്നും ആഗ്രഹിക്കുന്നു. അവർ സന്തോഷത്തോടെ അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ജന്മം ബലിയായി സമർപിക്കുന്നു. ജനങ്ങൾ

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ബദ്ർ പത്രത്തിന് ഏഴുഭാഷകളിൽ ഐതിഹാസികമായ തുടക്കം

## ദേശീയഭാഷയായ ഹിന്ദിയിലും മറ്റു അഞ്ച് സംസ്ഥാന ഭഷകളിലും ബദ്ർ പത്രം പ്രസിദ്ധീകരിച്ചു തുടങ്ങി.

2016 മാർച്ച് 14 ന് ഖാദിയാനിലെ അഹ്മദിയ്യ മർക്കസി ലൈബ്രറിയിൽ പ്രാദേശിക ബദ്ർ പത്രങ്ങൾക്ക് സമാരംഭം കുറിക്കുന്ന പ്രത്യേക പരിപാടി നടന്നു. നാളിർ അഅ്ലായും അമീർ മഖാമിയുമായ മൗലാനാ മുഹമ്മദു ഇനാം സാഹിബ് ഗോറി അധ്യക്ഷനായി. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ സ്വദ്ർ മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ മുഖ്യാതിഥിയായിരുന്നു. ഇതിനു പുറമെ അന്നൂർ ഇശാഅത്ത് ബോർഡ് ഖാദിയാൻ പ്രസിഡന്റ് ഹാഫിള് മഖ്ദൂം ശരീഫ് സാഹിബ്, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നാളിർമാർ, നാളിമുമാർ, വക്കീലുമാർ എന്നിവർക്കു പുറമെ ഡിപ്പാർട്ടുമെന്റുകളുടെ ഓഫീസർമാരും ബദ്ർ പത്രങ്ങളുടെ എഡിറ്റർമാരും പങ്കെടുത്തു.

ഹാഫിള് സയ്യിദ് റസൂൽ നിയാസ് സാഹിബിന്റെ തിലാവത്തോടെ കാര്യപരിപാടികൾ ആരംഭിച്ചു. അതിനുശേഷം മാനേജർ ബദ്ർ ഖാരി നവാബ് അഹ്മദ് സാഹിബ് സ്വാഗതപ്രഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു: ഇന്ന് സന്തോഷത്തിന്റെ സുദിനമാണ്. ദേശീയ ഭാഷയായ ഹിന്ദിയിലും ഒഡിയ, ബംഗ്ല, തമിൾ, തെലുങ്ക്, മലായളം തുടങ്ങി അഞ്ചു സംസ്ഥാന ഭാഷകളിലും ബദ്ർ പത്രം ആരംഭിക്കുന്നതിന്റെ പ്രത്യേക പരിപാടിയിലാണ് നമ്മൾ ഇന്ന് പങ്കെടുത്തിരിക്കുന്നത്. വാഗ്ദത്ത് മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ കാലഘട്ടത്തിലാണ് ബദ്ർ പത്രം ആരംഭിച്ചത്. ആ മഹാത്മാവ് അതിനെ തന്റെ കൈയായിട്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അതു മുഖേന വാഗ്ദത്ത മസീഹിന്റെ നിർദേശങ്ങളും ഇൽഹാമുകളും അധ്യാപനങ്ങളും അതിവേഗം ജമാഅത്തംഗങ്ങളിൽ എത്തിയിരുന്നു. രാജ്യത്തിന്റെ വിഭജനത്തിനുശേഷം ബദ്ർ പത്രം പ്രതികൂലമായ അവസ്ഥകളിൽ വീണ്ടും ആരംഭിച്ചു. വിദ്യാഭ്യാസപരവും ശിക്ഷണപരവും പ്രബോധനപരവുമായ രംഗങ്ങളിൽ ബദ്ർ പത്രത്തിന്റെ സേവനം തിളക്കമാർന്നതും പ്രത്യക്ഷവുമാണ്. ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകൾ, പ്രഭാഷണങ്ങൾ, വൈജ്ഞാനിക സദസ്സുകൾ, നിർദേശങ്ങൾ തുടങ്ങിയവ എത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തിന്റെ ഏക പ്രതിനിധിയാണെന്നതിനു പുറമെ ഭാരതത്തിലെ ജമാഅത്തുകളേയും കേന്ദ്രത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയുമാണ് ബദ്ർ വീക്കിലി. ഈ പത്രം ഉർദു ഭാഷയിലായ കാരണത്താൽ ഉർദു അറിയാത്തയാളുകൾക്ക് ഇതുമായി ബന്ധമുണ്ടായിരുന്നില്ല. ഇതിനെ പ്രയോജനപ്പെടുത്താൻ അവർക്കു സാധിച്ചിരുന്നില്ല. അങ്ങനെയാണ് ഇതിന്റെ ഹിന്ദി എഡിഷൻ സർക്കുലറിന്റെ രൂപത്തിൽ ആരംഭിക്കുന്നത്.

അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് ബദ്ർ പത്രത്തിന്റെ ഫലം കൂടുതൽ വിശാലവും സാധാരണവുമാക്കുന്നതിനുവേണ്ടി ഹിന്ദിക്കു പുറമെ ഭാരതത്തിലെ അഞ്ചു സംസ്ഥാന ഭാഷകളായ ഒഡിയ, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളത്തിലും അത് പ്രസിദ്ധീകരിക്കാൻ അനുവാദം നല്കി. സർക്കാർതലത്തിൽ അതിന്റെ രജിസ്ട്രേഷന്റെ ജോലികൾ പൂർത്തിയായതിനുശേഷം ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാനിൽനിന്ന് ഈ പത്രങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്നു. അതിന്റെ ഉത്ഘാടന പരിപാടിയാണ് ഇന്ന് സംഘടിപ്പിച്ചിട്ടുള്ളത്. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ ഈ പത്രം ആരംഭിച്ചത് നമ്മൾ അത് നിവർത്തിയാക്കുന്നവരായിത്തീരാൻ സഹോദരങ്ങൾ ദുആ ചെയ്യാൻ അപേക്ഷിക്കുന്നു. നമ്മൾ അമീറുൽ മുഅ്മിനീന്റെ ഇച്ഛയ്ക്കനുസരിച്ച് ഫലമെടുക്കുന്നവരായിത്തീരട്ടെ.

അതിനുശേഷം സഭാധ്യക്ഷൻ, മുഖ്യാതിഥിക്ക് എല്ലാ പത്രങ്ങളുടേയും ഓരോരോ കോപ്പി നല്കിക്കൊണ്ട് പ്രകാശന കർമം നിർവഹിച്ചു. അന്നൂർ ഇശാഅത്ത് ബോർഡ് സ്വദ്ർ ഹ്രസ്വഭാഷണം നടത്തി. ഇന്ന് ബദ്ർ പത്രം ഏഴു ഭാഷകളിൽ പ്രസിദ്ധീകരിക്കാൻ സാധിക്കുന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണെന്ന് അദ്ദേഹം പറഞ്ഞു. ഇതിന്റെ ആവശ്യകതയും കാലത്തിന്റെ ആവശ്യമായ ഉർദു അറിയാത്ത ആളുകളെ കേന്ദ്രവുമായി ബന്ധിപ്പിക്കുന്നതിനുംവേണ്ടിയാണ് പ്രാദേശിക ഭാഷകളിൽ ഇത് പ്രസിദ്ധീകരിക്കാൻ അമീറുൽ മുഅ്മിനീൻ നിർദേശിച്ചിട്ടുള്ളത്. ഇതിന്റെ എല്ലാ ഘട്ടങ്ങളിലും ദുആയോടുകൂടി ഞങ്ങൾക്കുവേണ്ടുന്ന മാർഗനിർദേശങ്ങൾ അവിടന്ന് നല്കിക്കൊണ്ടിരുന്നു.

അവസാനം നാളിർ സാഹിബ് അഅ്ലായും ബദ്ർ പത്രത്തിന്റെ പ്രാധാന്യവും ആവശ്യകതയും വിവരിച്ചു. അദ്ദേഹം പറഞ്ഞു: ഇന്ന് നമുക്ക് സന്തോഷത്തിന്റെ സുദിനമാണ്. ബദ്ർ പത്രം 7 ഭാഷകളിൽ ഖാദിയാനിൽനിന്ന് പ്രസിദ്ധീകരിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കിയിരിക്കുന്ന ഐതിഹാസിക ദിവസമാണ്. അല്ലാഹു വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദിനെ നിയോഗിച്ചയച്ചത് സന്മാർഗത്തിന്റെ പ്രചാരണ സമ്പൂർത്തീകരണത്തിനുവേണ്ടിയാണ്. ഇസ്‌ലാമിന്റെ വിജയത്തിനുവേണ്ടി ഗ്രന്ഥരചനയുടേയും വിജ്ഞാപനങ്ങളുടേയും പരമ്പര അദ്ദേഹം ആരംഭിച്ചത് നിരാലംബതയുടേയും നിസഹായതയുടേയും ഘട്ടത്തിലായിരുന്നു. അക്കാലം നമ്മൾ സ്മരിക്കേണ്ടതാണ്. എങ്ങനെയായിരുന്നു അദ്ദേഹം രാവും പകലും ഈ ജോലികളെല്ലാം തനിച്ച് ചെയ്തിരുന്നത്. സ്വയം ഗ്രന്ഥങ്ങളെഴുതി തയ്യാറാക്കി. എഴുത്തുകാരെക്കൊണ്ട് ബിസ്തർ പേപ്പറിൽ എഴുതിച്ചു. പ്രൂഫ് റീഡിംഗ് ചെയ്തതിനുശേഷം അച്ചടിപ്പിച്ചു. ചെലവുകൾക്ക് ബുദ്ധിമുട്ടുണ്ടായിരുന്നിട്ടും വൻചെലവുകൾ ചെയ്ത് മറ്റുള്ളവരിലെത്തിച്ചു. ഇന്ന് ആ മഹാത്മാവിന്റെ അനുഗ്രഹംകൊണ്ട് അല്ലാഹു എല്ലാ തരത്തിലുള്ള സുഗമമായ വഴികളും നമുക്ക് സംഘടിപ്പിച്ചു തന്നിരിക്കുന്നു. അദ്ദേഹം വിതച്ച വിത്ത് ഇന്ന് മുഴുവൻ ലോകത്തും ബലമുള്ളതും ഫലമുള്ളതുമായ വൻ വൃക്ഷമായി തീർന്നിരിക്കുന്നു.

അമീറുൽ മുഅ്മിനീന് ഖാദിയാനിലേയും ഭാരതത്തിലേയും അഹ്മദികളുടെ ശിക്ഷണകാര്യത്തിൽ വലിയ ആശങ്കയാണുള്ളത്. അദ്ദേഹം അതിനുവേണ്ടി ഇരവും പകലും ദുആയോടുകൂടി നമുക്ക് മാർഗനിർദേശങ്ങളും സഹായങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിന്റെ പരമ്പരയായി വിവിധ പ്രാദേശിക ഭാഷകളുടെ ഡസ്കുകളും ഖാദിയാനിൽ രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ഭാഷകളിലുള്ള ബദ്റുകളുടെ സമാരംഭം കുറിച്ചു കഴിഞ്ഞു. അമീറുൽ മുഅ്മിനീന്റെ ഇച്ഛയ്ക്കും പ്രതീക്ഷയ്ക്കുമൊത്ത് പണിയെടുക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അവസാനം സഭാധ്യക്ഷന്റെ നേതൃത്വത്തിൽ മൗനപ്രാർഥനയോടെ യോഗം സമാപിച്ചു.

(ഖുറയ്ശീ മുഹമ്മദ് ഫള്‌ലുല്ലാഹ്, സബ് എഡിറ്റർ ബദ്ർ ഖാദിയാൻ)

# ബദ്ർ വീക്കിലി ഹിന്ദിയിലും മറ്റു സംസ്ഥാന ഭാഷകളിലും

സയ്യിദുനാ അമീറുൽമുഅ്മനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ അംഗീകാരത്തോടെ ഖാദിയാൻ ദാറുൽഅമാനയിൽനിന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ കാലഘട്ടത്തിൽ തുടങ്ങിയ ബദ്ർ പത്രം ഭാരതത്തിന്റെ ദേശീയഭാഷയായ ഹിന്ദിയിലും ഒഡിയ, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളം തുടങ്ങി അഞ്ചു സംസ്ഥാന ഭാഷകളിലും പ്രസിദ്ധീകരണം തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഈ പത്രങ്ങൾ ഇതിനുമുമ്പേ മാർച്ച് 2014 മുതൽ സർക്കുലർ രൂപത്തിൽ പ്രസിദ്ധീകരിച്ചുവരികയായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് “ബദർ’എന്ന പേരിൽത്തന്നെ മുകളിൽ പറഞ്ഞ ഭാഷകളിൽ രജിസ്ട്രേഷൻ നടന്നു കഴിഞ്ഞിരിക്കുന്നു. ഈ രജ്സ്ട്രേഷനുശേഷം ആദ്യത്തെ ലക്കം 2016 മാർച്ച് 3 മുതൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയിരിക്കുകയാണ്.

ഈ പത്രങ്ങളിൽ താഴെ പറയുന്ന പംക്തികളുണ്ടായിരിക്കുന്നതാണ്: ഖുർആൻ ദർസ്, ഹദീഥു ദർസ്, വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ മൽഫൂദാത്ത്, അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ ജുമുഅ ഖുത്ബകൾ, അമീറുൽ മുഅ്മിനീന്റെ പര്യടന റിപ്പോർട്ടുകൾ, വൈജ്ഞാനികവും മതപരവുമായ ലേഖനങ്ങൾ, വിളംബരങ്ങൾ, ജമാഅത്തിന്റെ പ്രവർത്തനറിപ്പോർട്ടുകൾ, മറ്റു ഹൃദയസ്പർശിയായ കാര്യങ്ങൾ, വസ്വിയ്യത്തുകൾ.

എല്ലാ ജില്ല അമീർമാരോടും തദ്ദേശ അമീർമാരോടും ജമാഅത്ത് പ്രസിഡന്റുമാരോടും മുബല്ലിഗുമാരോടും മുഅല്ലിമുമാരോടും ഉപസംഘടനകളുടെ ജില്ല-തദ്ദേശ ഭാരവാഹികളോടും ജമാഅത്തിലെ മുഴുവൻ അംഗങ്ങളോടും, നമ്മുടെ പ്രിയപ്പെട്ട അമീറുൽ മുഅ്മിനീന്റെ വിളിക്കുത്തരം നല്കിക്കൊണ്ട് ഇപ്പോൾ നിങ്ങളുടെ ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ഈ ഐതിഹാസികമായ പത്രത്തിന്റെ വരിക്കാരാകാൻ അപേക്ഷിക്കുകയാണ്. ഇപ്രകാരംതന്നെ വൈജ്ഞാനികവും ശിക്ഷണപരവുമായ ഹ്രസ്വ ലേഖനങ്ങൾ പ്രസിദ്ധീകരണത്തിന് അയച്ചുതരാൻ എഴുത്തുകാരോടും അപേക്ഷിക്കുന്നു. (ഖാരി നവാബ് അഹ്മദ്, മാനേജർ ബദ്ർ വീക്കിലി ഖാദിയാൻ)

**തിരുത്ത്**

2016 ഫെബ്രുവരി 26ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ നിർവഹിച്ച ഖുത്ബ ജുമുഅയാണ് ബദ്ർ ലക്കം 4ൽ പ്രസിദ്ധീകരിച്ചത്. തിരുത്തി വായിക്കാൻ അപേക്ഷ

# ഖുത്‌ബ ജുമുഅ

**കുട്ടികൾ എന്തെങ്കിലും ചെയ്യുമ്പോൾ മാതാപിതാക്കൾ അവരെ ശക്തമായി ശകാരിക്കാറുണ്ട്. അങ്ങേയറ്റം കാർക്കശ്യത്തോടെ പെരുമാറാറുണ്ട്. കുട്ടികൾ തെറ്റുചെയ്യുമ്പോൾ ചിലയാളുകൾ അവരോട് അധികം വിട്ടുവീഴ്ച കാണിക്കുന്ന കാരണത്താൽ അവർക്ക് നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസവും ഇല്ലാതാകുന്നു. ഈ രണ്ടു കാര്യങ്ങളും കുട്ടികളുടെ ശിക്ഷണത്തിൽ മോശമായ സ്വാധീനമാണുണ്ടാക്കുന്നത്. പിതാക്കന്മാർ പ്രത്യേകമായ നിലയിൽ കുട്ടികളുടെ ശിക്ഷണത്തിൽ, എവിടെ സൗമ്യഭാവം കാണിക്കണം, എവിടെ ശാഠ്യം കാണിക്കണം, എങ്ങനെ മനസ്സിലാക്കിക്കൊടുക്കണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.**
**ഇത് പിതാക്കന്മാരുടെ ഉത്തരവാദിത്വമാണ്; മാതാക്കളിൽമാത്രം ഇത് വിട്ടുകളയരുത്.**
**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഫോട്ടോകൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് അടിയന്തരമായും സൂക്ഷ്മത കൈക്കൊള്ളുന്നതിനുള്ള താക്കീത്.**
**ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇത് അകറ്റുന്നതിനുവേണ്ടിയാണ് വന്നിട്ടുള്ളത്. ഒരു അഹ്മദി അനാചാരങ്ങൾക്കെതിരെ ജിഹാദു ചെയ്യേണ്ടതാണ്. അറിവിന്റെ കാര്യത്തിൽ പിശുക്ക് കാണിക്കരുത്. അത് വ്യാപിപ്പിക്കേണ്ടതാണ്.എടുത്തുച്ചാട്ടക്കാരൻ ഒന്നും ചിന്തിക്കാതെ ആക്ഷേപം ഉന്നയക്കുന്നു. അതിൽനിന്ന് ജമാഅത്തംഗങ്ങൾ രക്ഷപ്പെടേണ്ടതാണ്. സത്യവും സത്യസക്ഷ്യവും രോഗികളെ പെട്ടെന്ന് സ്വാധീനിക്കുന്നു. ഡോക്ടർമാർ രോഗികളെ തബ്‌ലീഗ് ചെയ്യേണ്ടതാണ്. ഇപ്രകാരം അവർക്ക് ദീനിന് സേവനം ചെയ്യാൻ കഴിയും**
**ഇമാമിന്റെ വിളിക്കെതിരിൽ സാധാരണക്കാരന്റെ വിളിക്ക് ഒരു പ്രസക്തിയുമില്ല. നിങ്ങളുടെ ചെവികളിൽ ദൈവദൂതന്റെ വിളിയെത്തിയാൽ ഉടനെ അതിനുത്തരം നല്കുകയും അതു നടപ്പിൽവരുത്തുന്നതിനുവേണ്ടി ഓടുകയും ചെയ്യുക എന്നത് നിങ്ങളുടെ നിർബന്ധകടമയാണ്. അതിലാണ് നിങ്ങളുടെ അഭിവൃദ്ധിയുടെ രഹസ്യം അടങ്ങിയിരിക്കുന്നത്.**
**അല്ലാഹുവിന്റെ തൃപ്തിയും അവന്റെ കല്പനകളിലൂടെ നടന്നും എല്ലാ ജോലിയും ചെയ്യേണ്ടതാണ്. ആളുകളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി ചെയ്യരുത്.**
**സിറിയയിലെ അബ്ദുന്നൂർ ജാബി സാഹിബ് ശഹീദിനെക്കുറിച്ചുള്ള അനസ്മരണം**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2016 മാർച്ച് 18/1395 അമാൻ 18**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اِشْهَدُ أَنْ لَّآ إِلٰهَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیکَ لَہٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ - بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ

اَلْحَمْدُ لِلّٰہِ رَبِّ الْعَالَمِیْنَ۔ اَلرَّحْمٰنِ الرَّحِیْمِ۔ مٰلِکِ یَوْمِ الدِّیْنِ۔ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ۔

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ۔ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ۔

ഇഷ്ടപ്പെടാത്തതെന്തെങ്കിലും കുട്ടികൾ ചെയ്യുമ്പോൾ മാതാപിതാക്കൾ അവരെ ശക്തമായി ശകാരിക്കാറുണ്ട്. അങ്ങേയറ്റം കാർക്കശ്യത്തോടെ പെരുമാറാറുണ്ട്. കുട്ടികൾ തെറ്റു ചെയ്യുമ്പോൾ ചിലയാളുകൾ അവരോട് അധികം വിട്ടുവീഴ്ച കാണിക്കുന്ന കാരണത്താൽ അവർക്ക് നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസവും ഇല്ലാതാകുന്നു. ഈ രണ്ടു കാര്യങ്ങ ളും കുട്ടികളുടെ ശിക്ഷണത്തിൽ മോശമായ സ്വാധീനമാണുണ്ടാക്കുന്നത്. ഓരോ കാര്യം ചെയ്യുമ്പോഴും കൂടുതൽ കാർക്കശ്യം കാണിക്കുകയും അകാരണമായും തെളിവൊന്നുമില്ലാതേയും തടയുന്നതും അവരെ വിപ്ലവകാരികളാക്കിത്തീർക്കുന്നു. പിന്നീട് ഒരു പ്രായത്തിനുശേഷം അനുവദനീയമായ കാര്യങ്ങൾപോലും അവർ വകവെക്കുകയില്ല. ഇപ്രകാരംതന്നെ കുട്ടികളുടെ എല്ലാ കാര്യങ്ങളിലും അനുവദനീയമല്ലാത്ത വകഭേദവും അവരുടെ ശിക്ഷണത്തിൽ സ്വാധീനമുണ്ടാക്കുന്നു. യുവത്വത്തിലേക്ക് കാലുവെക്കുന്ന പ്രായത്തിലുള്ള കുട്ടികളോടുള്ള മാതാപിതാക്കളുടെ പെരുമാറ്റരീതിയാണ് അവരെ മോശമാക്കുന്നത്; പ്രത്യേകിച്ചും പിതാക്കന്മാരുടെ. അത്തരം പ്രായത്തിൽ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് പ്രമാണപരമായി സംസാരിക്കേണ്ടതാണ്. പ്രത്യേകിച്ചും കുട്ടികളിൽ തങ്ങളുടെ പരിമിതമായ വൃത്തത്തിനുള്ളിലെ സ്വാധീനം മാത്രമല്ലാതെ മുഴുവൻ രാജ്യത്തിന്റേയും എന്നല്ല മുഴുവൻലോകത്തിന്റേയും സ്വാധീനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്! അത്തരം അവസ്ഥകളിൽ പിതാക്കന്മാർ പ്രത്യേകമായ നിലയിൽ കുട്ടികളുടെ ശിക്ഷണത്തിൽ, എവിടെ സൗമ്യഭാവം കാണിക്കണം, എവിടെ ശാഠ്യം കാണിക്കണം, എങ്ങനെ മനസ്സിലാക്കിക്കൊടുക്കണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഇത് പിതാക്കന്മാരുടെ ഉത്തരവാദിത്വമാണ്; മാതാക്കളിൽമാത്രം ഇത് വിട്ടുകളയരുത്.

എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)കുട്ടികൾക്ക് ശിക്ഷണം നല്കിയിരുന്നത്. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിക്കുന്നു. ഏതു വസ്തുവാണ് നിയമാനുസൃതം ഏതുവസ്തുവാണ് ശുദ്ധമായിട്ടുള്ളത് എന്നീ കാര്യങ്ങളാണ് അദ്ദേഹം വിശദീകരിക്കുന്നത്. അവിടന്ന് പറയുന്നു: 'അല്ലാഹു വിവിധ ജന്തുക്കളെ വിവിധ ജോലികൾക്കായി സൃഷ്ടിച്ചിരിക്കുന്നു എന്ന കാര്യം ഓർമിക്കുക. ചിലത് ഭംഗിക്കുവേണ്ടിയാണ്. നോക്കുമ്പോൾ ഭംഗിയുള്ളതായി മനസ്സിലാകുന്നു. ചിലത് സൃഷ്ടിച്ചിട്ടുള്ളത് ശബ്ദത്തിന്നായിട്ടാണ്. അവയുടെ ശബ്ദം വളരെ മാധുര്യമുള്ളതായിരിക്കും. ചിലത് ഭക്ഷിക്കാൻവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അവയുടെ മാംസം നല്ലതാണ്. ചിലത് മരുന്നിനുവേണ്ടിയുള്ളതാണ്. അവയുടെ മാംസത്തിന് ചില രോഗങ്ങളിൽനിന്ന് മോചിപ്പിക്കാനുള്ള ശക്തിയുണ്ട്. മൃഗങ്ങളെ ഹലാൽ എന്ന് കണ്ടതുകൊണ്ടുമാത്രം തിന്നാൻ പാടില്ല. ഒരു മൃഗത്തിന്റെ മാംസം ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമാകാം. ചില ധാന്യങ്ങളിൽ അല്ലെങ്കിൽ മനുഷ്യരിൽ രോഗമുണ്ടാക്കുന്ന കീടങ്ങളെ ചില ജീവികൾ തിന്നു നശിപ്പിക്കുന്നു.(അതുകൊണ്ടാണ് ചിലതരത്തിലുള്ള പക്ഷികളെ -അത് ഹലാലാണെങ്കിലും- വേട്ടയാടുന്നതിന് സർക്കാർതലത്തിൽ നിയന്ത്രണം ഏർപെടുത്തിയിട്ടുള്ളത്. പാക്കിസ്താനിലും നിയന്ത്രണമുണ്ട്. കാരണങ്ങൾ അവ ധാന്യങ്ങൾ നശിപ്പിക്കുന്ന കീടങ്ങളെ തിന്നു

ന്നു. പറഞ്ഞു, അവ കീടങ്ങളെ തിന്നുനശിപ്പിക്കുന്നവയാണ്.) മാംസത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഹലാലുമായിരിക്കും തയ്യിബുമായിരിക്കും. എന്നാലും മനുഷ്യകുലത്തിന്റെ പൊതുവായ നേട്ടം നോക്കുമ്പോൾ അതിന്റെ മാംസം ശുദ്ധമായിരിക്കുകയില്ല. (അതായത് നിയമാനുസൃതവുമായിരിക്കും ശുദ്ധവുമായിരിക്കും എന്നത് ശരിതന്നെ. പക്ഷേ, നോക്കേണ്ട കാര്യം കൂടുതൽ ഗുണം എന്തിനാണെന്നാണ്. മനുഷ്യകുലത്തിന്റെ നേട്ടങ്ങളിൽ നമ്മുടെ നേട്ടം അവസാനിപ്പിക്കേണ്ടി വരും. അല്ലെങ്കിൽ നമ്മുടെ നേട്ടങ്ങൾക്കുമേൽ മനുഷ്യകുലത്തിന്റെ നേട്ടങ്ങൾക്ക് മുൻഗണന നല്കേണ്ടിവരും.) കാരണം അവയെ തിന്നുന്നതുകൊണ്ട് മനുഷ്യൻ മറ്റു ചില നേട്ടങ്ങളിൽനിന്ന് തടയപ്പെടുന്നതാണ്.' (ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു,) 'എന്നെ കുട്ടിക്കാലത്തുതന്നെ ഈ പാഠം പഠിപ്പിച്ചിരുന്നു. ഞാൻ കുട്ടിക്കാലത്ത് ഒരിക്കൽ ഒരു തത്തയെ വേട്ടയാടിക്കൊണ്ടുവന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)അതുകണ്ടിട്ട് പറഞ്ഞു: 'മഹ്മൂദേ! ഇതിന്റെ മാംസം നിഷിദ്ധമല്ലെന്നത് ശരിയാണ്. പക്ഷേ, അല്ലാഹു സകലജീവികളേയും തിന്നുന്നതിനുവേണ്ടിയല്ല സൃഷ്ടിച്ചിട്ടുള്ളത്. ചില ഭംഗിയുള്ള ജീവികളെ സൃഷ്ടിച്ചിട്ടുള്ളത് കണ്ടാസ്വാദിക്കാനാണ്. അവയെ കണ്ട് കണ്ണുകൾ ആനന്ദിക്കണം. ചില ജീവികൾക്ക് നല്ല ശബ്ദം കൊടുത്തിരിക്കുന്നു. അവയുടെ ശബ്ദം കേട്ട് ചെവികൾ ആനന്ദിക്കണം. അല്ലാഹു മനുഷ്യന്റെ എല്ലാ ഇന്ദ്രിയങ്ങൾക്കുംവേണ്ടി അനുഗ്രഹങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. അവയെല്ലാം തട്ടിപ്പറിച്ചെടുത്ത് വായയിൽ ഇടാൻ പാടില്ല.'(തങ്ങളുടെ നാവിന്റെ രുചിക്കുവേണ്ടി എല്ലാ ജീവികളേയും കൊല്ലുകയും തിന്നുകയും ചെയ്യേണ്ട ആവശ്യമില്ല. അവയെക്കൊണ്ടുള്ള മറ്റു നേട്ടങ്ങൾ നോക്കേണ്ടതാണ്. തന്റെ തീറ്റയുടെ രുചിമാത്രം നോക്കരുത്. പിന്നീട് പറഞ്ഞു,)'നോക്കുക, ഈ തത്ത എത്ര നല്ല മനോഹരമായ പക്ഷിയാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ),ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)നോട് പറയുന്നു: 'നോക്കൂ! ഈ തത്ത എത്ര നല്ല സൗന്ദര്യമുള്ള പക്ഷിയാണ്. മരത്തിലിരിക്കുമ്പോൾ കാണുന്നവർക്ക് എത്ര നല്ല കൗതുകം ജനിപ്പിക്കുന്നതാണത്.' (തഫ്സീറെ കബീർ വാള്യം 4 പേജ് 263)

ശിക്ഷണത്തിനുള്ള മനോഹരമായ ഈ രീതി മനസ്സിൽമാത്രം സ്വാധീനമുണ്ടാക്കുന്നതല്ല. മറിച്ച് നിങ്ങൾക്കുനല്കിയിട്ടുള്ള നിയമാനുസൃതവും ശുദ്ധവുമായ വസ്തുക്കൾ തിന്നുകൊള്ളുക, പക്ഷേ, അതിലും സൂക്ഷ്മത പാലിക്കണമെന്ന അല്ലാഹുവിന്റെ കല്പനയും മനസ്സിൽ വെക്കേണ്ടതാണ്. അല്ലാഹു നിയമാനസൃതവും ശുദ്ധവുമായത് തിന്നാൻ കല്പിച്ചു. പക്ഷേ, ത്വയ്യിബ് അഥവാ ശുദ്ധമായത് എന്നതിന്റെ നിർവചനം ചില ഘട്ടങ്ങളിൽ മാറുകയും ചെയ്യുന്നു. മറ്റു ഫലപ്രദമായ ജോലികളിൽ ഉപയോഗിക്കപ്പെടുന്ന മൃഗങ്ങളേയും പക്ഷികളേയും അല്ലെങ്കിൽ മറ്റിടങ്ങളിൽ ഉപയോഗമുള്ളവ അനുവദനീയമായിരുന്നിട്ടും ശുദ്ധമായിരിക്കുകയില്ല. കാരണം അവയുടെ ഫലം അവയുടെ മാംസം തിന്നുന്നതിനെക്കാൾ കൂടുതലുണ്ടാകുന്നത് മറ്റിടങ്ങളിലാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിച്ച മറ്റു ചില സംഭവങ്ങളും സമർപിക്കുകയാണ്. ലോകത്തുനിന്ന് അനാചരങ്ങൾ അകറ്റുന്നതിനും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം കാണിക്കുന്നതിനുവേണ്ടിയുമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നിട്ടുള്ളത്. ആ മഹാത്മാവിന്റെ ദൗത്യം ഇതാകുമ്പോൾ അദ്ദേഹത്തിൽനിന്ന് ഏതെങ്കിലും രീതിയിലുള്ള അനാചാരങ്ങൾ പരക്കുമെന്നോ പ്രചരിക്കുമെന്നോ കരുതാവുന്നതെങ്ങനെ? (നഊദുബില്ലാഹ്)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയേഷ്ട പ്രകാരം തന്റെ ഫോട്ടോ എടുപ്പിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ഫോട്ടോ അച്ചടിച്ച ഒരു പോസ്റ്റു കാർഡ് അദ്ദേഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു:'ഇത് അനുവദിക്കാൻ പറ്റുകയില്ല. ഒരാളും അത്തരം കാർഡ് വാങ്ങരുതെന്ന് അദ്ദേഹം ജമാഅത്തിനോടു നിർദേശിച്ചു. തൽഫലമായി പിന്നീടാർക്കും അങ്ങനെ ചെയ്യാൻ ധൈര്യമുണ്ടായില്ല. (ഖുത്ബാ ത്തെ മഹ്മൂദ് വാള്യം 14 പേജ് 214)

പക്ഷേ, ഇന്ന് ചിലയിടങ്ങളിൽ ചില ടീറ്റ്സിലും(Tweets) വാട്ട്സ്ആപ്പുകളിലും (Whats App) എവിടെനിന്നോ ഈ കാർഡ് എടുത്ത് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് ഞാൻ കാണുകയുണ്ടായി. പണ്ടുകാലത്തെ പഴയകാർഡിൽ പ്രസിദ്ധീകരിച്ച ഫോട്ടോ എവിടെനിന്നോ സംഘടിപ്പിച്ചതോ തങ്ങളുടെ ആചാര്യന്മാരിൽനിന്ന് കൈക്കലാക്കിയതോ ഏതെങ്കിലും പഴയപുസ്തകക്കടയിൽനിന്ന് വാങ്ങിച്ചതോ ആയിരിക്കാം. ഇതാണ് പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് തെറ്റായ രീതിയാണ്. ഇത് നിറുത്തേണ്ടതാണ്. ദൂരദേശത്തുള്ളവർക്ക് പ്രത്യേകിച്ചും മുഖംനോക്കി സത്യമുഖത്തെ തിരിച്ചറിയുന്ന യൂറോപ്യൻമാർക്കുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഫോട്ടോ എടുപ്പിച്ചത്. അവർ ആ മഹാത്മാവിന്റെ ഫോട്ടോ കണ്ട് സത്യം അന്വേഷിക്കും. അതിനെ കുറിച്ച് ചർച്ച ചെയ്യും. പക്ഷേ, കാർഡുകളിൽ പകർത്തി അത് കച്ചവടത്തിനുള്ള മാർഗമാക്കാൻ ഇവർ ശ്രമിക്കുന്നുവെന്ന് കണ്ടപ്പോൾ അതുമുഖേന അനാചാരം പ്രചരിക്കാനിടയുണ്ടെന്ന് ആ മഹാത്മാവ് മനസ്സിലാക്കുകയും ശക്തമായി അതിനെ വിലക്കുകയും ചെയ്തു. എന്നല്ല അവ നശിപ്പിച്ചു കളയാനും ചിലയിടത്ത് ആ മഹാത്മാവ് പറയുകയുണ്ടായി. ഫോട്ടോവില്പന തൊഴിലാക്കിയിട്ടുള്ളവർ അതിരില്ലാതെ അതിന് വിലയും വാങ്ങുന്നുണ്ട്. ഇവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പിന്നീടു ചിലരുണ്ട്, അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചിത്രങ്ങളിൽ നിറം പിടിപ്പിക്കുന്നവരാണ്. വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു കളർ(coloured)ചിത്രവുമില്ല. ഫോട്ടോയിൽ ഇങ്ങനെ കളർ കൊടുക്കുന്നതും തെറ്റായ പ്രവണതയാണ്. അതിൽനിന്ന് പിന്മാറേണ്ടതാണ്. ഇതുപോലെതന്നെ ഖലീഫമാരുടെ ചിത്രങ്ങളും ദുരുപയോഗം ചെയ്യപ്പെടുന്നു. അതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്.

ഒരിക്കൽ സിനിമയേയും ബൈസ്കോപ്പിനേയും സംബന്ധിച്ച് ഒരു ശൂറയിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ സാന്നിദ്ധ്യത്തിൽ ചർച്ചയുണ്ടായി. അപ്പോൾ അവിടന്ന് പറഞ്ഞു, 'സിനിമ, ബൈസ്കോപ്പ് അല്ലെങ്കിൽ ഫോണോഗ്രാഫ് തുടങ്ങിയവ അതിന്റെ സത്തയിൽ തെറ്റാണെന്ന് പറയുന്നത് ശരിയല്ല. ഫോണോഗ്രാഫ് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയും കേട്ടിട്ടുണ്ട്. അവിടന്ന് ഒരു പദ്യം രചിക്കുകയും അതിൽ റെക്കോർഡ് ചെയ്യുകയും ചില ഹിന്ദുക്കളെ വിളിച്ച് കേൾപ്പിക്കുകയും ചെയ്തു. ആ പദ്യത്തിലെ ഒരു ഈരടി ഇപ്രകാരമാണ്:

ആവാസ് ആരഹീഹെ യെ
ഫോണോഗ്രാഫ് സെ
ഢൂണ്ടോ ഖുദാ കൊ ദിൽസെ
ന: ലാഫ് വ ഗുസാഫ് സെ

അതുകൊണ്ട് സിനിമ അതിന്റെ സത്തയിൽ മോശമല്ല. അവിടെ കാണാൻ പോകുന്നത് പാപമല്ലേ എന്നു പറഞ്ഞ് ആളുകൾ പലവിധത്തിലുള്ള ചോദ്യങ്ങൾ ചോദിക്കാറുണ്ട്. ഇത് അതിന്റെ സത്തയിൽ മോശമല്ല. എന്നാൽ, ഇക്കാലത്ത് അതിന്റെ രീതികൾ നോക്കുമ്പോൾ അത് സ്വഭാവങ്ങളെ നശിപ്പിക്കുന്നതായിട്ട് കാണുന്നു. ഒരു സിനിമ പൂർണമായ നിലയിൽ പ്രബോധനപരമോ വിജ്ഞാനപരമോ ആണെങ്കിൽ അതിൽ തമാശ തുടങ്ങിയവയായിട്ടൊന്നുമില്ലെങ്കിൽ അത് കാണുന്നതിൽ ഒരു കുറ്റവുമില്ല. (ഡ്രാമകളൊന്നും പാടില്ല). ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു, എന്റെ അഭിപ്രായം തമാശപരമായിട്ടുള്ള തബ്ലീഗും (പ്രബോധനവും) അനുവദനീയമല്ലെന്നാണ്.' അത് തെറ്റായ രീതിയാണ്."(റിപ്പോർട്ട് മജ്ലിസെ മുശാവറത്ത് 1939 പേജ് 86)

'എം.ടി.എയിലെ പരിപാടികളിൽ ഇടയ്ക്ക് മ്യൂസിക്ക് വന്നാൽ കുഴപ്പമൊന്നുമില്ലെന്നും ഇപ്പോൾ തുടങ്ങിയിരിക്കുന്ന വോയ്സ് ഓഫ് ഇസ്ലാമിലും അത് വന്നാലും പ്രശ്നമൊന്നുമില്ലെന്നും പറയുന്നവർ വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ടതാണ്, ഈ അനാചാരങ്ങൾ അവസാനിപ്പിക്കുന്നതിനാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്നത്. നമ്മൾ നമ്മുടെ ചിന്തകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യമായിരുന്ന ആ ഭാഗത്ത് വാർത്തെടുക്കേണ്ടതാണ്. പുതിയ കണ്ടുപിടിത്തങ്ങളെ പ്രയോജനപ്പെടുത്തുന്നത് നിഷിദ്ധമല്ല. അനാചാരവുമല്ല. പക്ഷേ, അവയുടെ ദുരുപയോഗം അവയെ അനാചാരമാക്കുന്നതാണ്. നാടകങ്ങളുടെ രീതിയിൽ തബ്ലീഗ് പ്രോഗ്രാമുകളോ തർബിയ്യത്ത് പ്രോഗ്രാമുകളോ നിർമിച്ചാൽ അതിന് ഫലമുണ്ടാകാമെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഒരു തെറ്റായ കാര്യത്തിൽ നിങ്ങൾ കടന്നാൽ എന്തെങ്കിലും തെറ്റായ കാര്യം നിങ്ങളുടെ പരിപാടികളിൽ കടത്തിവിട്ടാൽ നൂറുക്കണക്കിന് അനാചാരങ്ങൾ കുറച്ചുകാലത്തിനുശേഷം സ്വയമേവ കടക്കുന്നതാണെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. മറ്റുള്ളവരുടെ പക്കൽ വിശുദ്ധഖുർആൻ മ്യൂസിക്കിനോട് ചേർത്ത് പാരായണം ചെയ്യുന്നതും അനുവദനീയമായേക്കാം. പക്ഷേ, ഒരു അഹ്മദി അനാചാരങ്ങൾക്കെതിരെ പോരാടേണ്ടവനാണ്. അതുകൊണ്ട് നമ്മൾ ഇത്തരം കാര്യത്തിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. രക്ഷപ്പെടാൻ ഒരുപാട് ശ്രമിക്കേണ്ടതുമാണ്.

ഒരു അനഹ്മദിപത്രത്തിൽ ലേഖനമെഴുതി. അതൊരു ഫലിതമാണ്. അതിൽനിന്ന് ഒരു മൗലവിയുടെ അജ്ഞതയും വെളിവാകുന്നുണ്ട്. അതിനോടൊപ്പം അവരുടെ ചിന്താഗതികളും അറിയാൻ കഴിയുന്നുണ്ട്. ലേഖകൻ എഴുതുന്നു: ഒരു സ്ഥലത്ത് ഒരു അറബിഗായകൻ മ്യൂസിക്കോടുകൂടി അറബിഗാനം ആലപിക്കുകയായിരുന്നു. മൗലവി സാഹിബിനേയും അവിടെ കൊണ്ടുപോയി. അദ്ദേഹം ആടിയാടി ആസ്വദിച്ച് അത് കേട്ടുകൊണ്ടിരുന്നു. അയാൾ ചോദിച്ചു, മൗലവി സാഹിബേ! താങ്കൾ ഈ അറബികേട്ട് ഇത്രമാത്രം ആടിയാടി ആസ്വദിക്കുന്നതെന്തിനാണ്? പറയുന്നു, നീ കൂടെക്കൂടെ സുബ്ഹാനല്ലാഹ് മാശാ അല്ലാഹ്, അല്ലാഹു അക്ബർ എന്നിങ്ങനെ പറഞ്ഞുകൊണ്ടരിക്കുക. അയാൾ ചോദിച്ചു, ഇങ്ങനെ ആടുന്നതെന്തിനാണ്? നോക്കൂ! നീ കാണുന്നില്ലേ? എത്ര മനോഹരമായ ശബ്ദത്തിലാണ് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത്! അറബിയിലുള്ള ആ ഗാനത്തെ മൗലവി വിശുദ്ധ ഖുർആനാക്കി. ഈ അനാചാരങ്ങൾ വ്യാപിക്കുമ്പോൾ ചിന്താഗതികളും അത്തരത്തിലുള്ളതായി മാറുന്നതാണ്.

ഡോക്ടർമാരെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു, ഡോക്ടർ പ്രത്യേകിച്ചും ഇന്ത്യൻ ഡോക്ടർ രോഗിയെ ചികിത്സിച്ചുകൊണ്ട് മസ്സിലാക്കുന്നത് തങ്ങളുടെ രോ

ഗിയെ തങ്ങൾക്കുമാത്രമേ ചികിത്സിക്കാൻ പാടുള്ളു എന്നാണ്. മറ്റാരേയും കാണിക്കേണ്ട ആവശ്യമില്ലത്രെ! ആരോടും ആലോചിക്കേണ്ട ആവശ്യവുമില്ലത്രെ! ഇക്കാര്യത്തെ കൂടുതൽ വിശദീകരിക്കുന്നു. ഇന്ത്യൻ ഡോക്ടർമാരിൽ 99%വും മറ്റുള്ളവരോട് അഭിപ്രായം ചോദിച്ച് ചികിത്സിക്കുന്നതുപോലും അപമാനമായി മനസ്സിലാക്കുന്നവരാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ഡോക്ടർ ഹശ്മത്തുല്ലാഹ് സാഹിബ് (അദ്ദേഹമായിരുന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഡോക്ടർ) പരിചയസമ്പത്തുകൊണ്ട് ഞാൻ കണ്ടിട്ടുള്ള മറ്റു അസിസ്റ്റന്റ് സർജന്മാരെക്കാളൊക്കെ നല്ലയാളാണെന്നതിൽ സംശയമില്ല. എന്നാൽ, ഇങ്ങനെയാണെങ്കിലും അതിന്റെ അർഥം അദ്ദേഹത്തിന് മറ്റുള്ളവരുമായി കൂടിയാലോചിക്കേണ്ട ആവശ്യമില്ലെന്നല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു നിയമമായിരുന്നു, ഞാൻ തന്നെയും 1918ൽ രോഗിയായപ്പോൾ അങ്ങനെതന്നെയാണ് ചെയ്തത്. വൈദ്യന്മാരേയും ഡോക്ടർമാരേയും ഒരുമിച്ചുകൂട്ടി. ഡോക്ടർമാരുടെ മരുന്നും കഴിച്ചിരുന്നു; വൈദ്യന്മാരുടേയും. അല്ലാഹു ഏതിലാണ് ഫലം വെച്ചിട്ടുള്ളതെന്ന് എങ്ങനെ അറിയാം. ഏതെങ്കിലും ഡോക്ടർ തന്നെ ദൈവമായി മനസ്സിലാക്കുന്നുണ്ടെങ്കിൽ മനസ്സിലാക്കിക്കൊള്ളട്ടെ. എന്നാൽ, നമ്മൾ അവരെ മനുഷ്യരായിട്ടു തന്നെയാണ് മനസ്സിലാക്കുന്നത്.' (ഖുത്ബാത്തെ മഹ്മൂദ് വാള്യം 14 പേജ് 129)

ഇപ്രകാരംതന്നെ ഇന്നും മറ്റു ഡോക്ടർമാരെക്കൊണ്ട് ചികിത്സിച്ചതെന്തിനാണെന്ന് പറഞ്ഞ് ദ്വേഷപ്പെടാറുണ്ട്. ഇത് തെറ്റായ രീതിയാണ്. പച്ചമരുന്നുകൾകൊണ്ട് ചികിത്സിക്കുന്നവരുണ്ട്. അവർ ഔദ്യോഗിക വൈദ്യന്മാരും ആയിരിക്കുകയില്ല. ചില കുറിപ്പടികൾവച്ചുകൊണ്ട് അവർ ചികിത്സിക്കുന്നു. രോഗികളെ വളരെ നല്ലനിലയിൽ ഭേദപ്പെടുത്തുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ ഡോക്ടർമാർ പരാജയപ്പെടുന്നു. ഒരു ചികിത്സയും ഫലിക്കുകയില്ല. അവിടെ അവരുടെ ഈ കുറിപ്പടിവിദ്യകൾ പ്രയോജനപ്പെടുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'സയ്യിദ് അഹ്മദ് നൂർ സാഹിബ് കാബൂളിയുടെ മൂക്കിൽ ഒരു മുറിവുണ്ടായി. അദ്ദേഹം പല ചികിത്സകളും നടത്തി. ലാഹോറിലെ ഹോമിയോ ആശുപത്രിയിലും പോയി. എന്താണ് കാരണമെന്ന് അറിയാൻ എക്സറെ എടുത്തും ചികിത്സിച്ചു. എന്നാൽ, മുറിവ് മോശമാവുകയാണ് ചെയ്തത്. അവസാനം അദ്ദേഹം പിശാവറിൽപോയി. അവിടെ ഒരു ബാർബറെക്കൊണ്ട് ചികിത്സിച്ചു. അയാൾ വെറും മൂന്നു ദിവസം മരുന്നുകൊടുത്തു. അങ്ങനെ മുറിവ് ഉണങ്ങി.' അവിടന്ന് പറയുന്നു: ഇത്തരക്കാരായ വിദഗ്ദ്ധരുണ്ട്. അവർക്ക് ഇങ്ങനെയൊക്കെയുള്ള തൊഴിൽ അറിയാം അവ ജീവിപ്പിച്ചു നിറുത്തിയാൽ മുമ്പോട്ട് പല പുതിയ തൊഴിലുകളും കൊണ്ടുപോകാൻ കഴിയും. ജീവിപ്പിച്ചു നിറുത്തുക എന്നതിന്റെ ഉദ്ദേശ്യം അതിൽ റിസർച്ച് ചെയ്യിക്കുക എന്നാണ്. തങ്ങളുടെ കുറിപ്പടി അനുസരിച്ചുള്ള ചികിത്സ നടത്തിക്കൊണ്ടിരിക്കാൻ അവരോടു പറയുക. പക്ഷേ, എന്താണ് സംഭവിക്കുന്നത്? അവരെ അറിയുന്ന മൂന്നാം ലോകരാജ്യങ്ങളിലെ ആളുകൾ അവരെ ജീവിപ്പിച്ചു നിറുത്താൻ ശ്രമിക്കാത്തതുകൊണ്ട് അവർ അഭിവൃദ്ധിപ്പെടുന്നില്ല. അവരിലേക്ക് ആളുകൾ ശ്രദ്ധിക്കുകയാണെങ്കിൽ അവരിൽനിന്ന് പല വിദ്യകളും പുറത്തു വരാനിടയുണ്ട്. അവിടന്ന് പറയുന്നു: ഒടിഞ്ഞ എല്ലുകൾ ശരിപ്പെടുത്തണം. ഫയൽവാന്മാർക്കും ബാർബർമാർക്കും അതറിയാം. പഴകിയ വേദനകളും വളഞ്ഞുപോയ എല്ലുകളും അവരെക്കൊണ്ട് ശരിയാക്കാവുന്നതാണ്. ചിലർ അതിൽ വളരെ വിദഗ്ദ്ധരായിരിക്കും. ചിലർ കണ്ടും കേട്ടും വൈദ്യരായവരാണ്. അവർ ശരിയായ എല്ലുകൾ പൊട്ടിക്കുകയും ചെയ്യും. പക്ഷേ, വിദഗ്ദ്ധരായിട്ടുള്ളവരും അവരിലുണ്ട്. അവരിൽനിന്ന് പഠിച്ച് പ്രചരിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. അവിടന്ന് പറയുന്നു: പഴയകാലയാളുകൾ ഈ അറിവ് പറഞ്ഞുകൊടുക്കുന്നതിൽ വളരെ പിശുക്ക് കാണിക്കാറുണ്ടായിരുന്നു. ആർക്കും അത് പറഞ്ഞുകൊടുത്തിരുന്നില്ല. അതുകൊണ്ടാണ് അത് നശിച്ചുപോയത്. പഴയകാലത്തുള്ളവരിലുണ്ടായിരുന്ന ഒരുപാട് കാര്യങ്ങളും സാധനങ്ങളും ഇല്ലാതായി. ചിലകുറിപ്പടികളുണ്ടായിരുന്നു. അത് തലമുറകൾക്ക് പറഞ്ഞുകൊടുത്തിരുന്നില്ല. അങ്ങനെയാണ് അതില്ലാതായത്. യൂറോപ്യന്മാർ അങ്ങനെ ചെയ്യാറില്ല. പ്രത്യുത അവരുടെ വിദ്യകൾ പൊതുവാക്കുകയാണ് പതിവ്. അങ്ങനെ അവർ കൂടുതൽ സമ്പാദിക്കുകയും ചെയ്യുന്നു.(ചില പേറ്റന്റ് മരുന്നുകളുണ്ട്. കുറച്ചു കാലത്തിനുശേഷം അതും പൊതുവിപണിയിൽ വരുന്നു.)

ഹദ്റത്ത് മസീഹ് മൗഊദ്(അ) കേൾപിക്കാറുണ്ടായിരുന്നു, ഒരു ബാർബറുണ്ടായിരുന്നു. അദ്ദേഹത്തിന് മുറിവിനുള്ള മരുന്നിനെക്കുറിച്ച് അറിയാമായിരുന്നു. വലിയ ഗുരുതരമായ മുറിവുകൾ പോലുംഉണക്കിയിരുന്നു. ദൂരദൂരനിന്ന് ആളുകൾ അദ്ദേഹത്തിന്റെയടുക്കൽ ചികിത്സയ്ക്കായി എത്തുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ആ മരുന്ന് തനിക്ക് പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. അയാൾ മറുപടി പറഞ്ഞു: 'ലോകത്ത് ആ മരുന്ന് അറിയുന്ന രണ്ടുപേരുണ്ടാകാൻ പാടില്ല. എനിക്കുള്ള ആ അറിവ് എന്റെയടുത്തുതന്നെ ഉണ്ടാകും. മക്കൾക്കും പറഞ്ഞുകൊടുക്കുകയില്ല.' അവസാനം അയാൾ വൃദ്ധനായി. രോഗം മൂർച്ഛിച്ചപ്പോൾ അയാളുടെ മകൻ ഇപ്പോഴെങ്കിലും തനിക്ക് ആ മരുന്ന് പറഞ്ഞുതരാൻ അയാളോട് പറഞ്ഞു. എപ്പോഴാണ് ജീവിതം അവസാനിക്കുന്നതെന്ന് അറിയില്ലല്ലോ. അയാൾ പറഞ്ഞു, ഞാൻ മരിക്കാൻ പോകുന്നുവെന്ന് നീ ധരിക്കുന്നുവെങ്കിൽ ഞാനത് പറഞ്ഞുതരാം. പക്ഷേ, പിന്നീട് പറഞ്ഞു ഞാനിതിൽനിന്ന് സുഖം പ്രാപിക്കുകയാണെങ്കിലോ? അതുകൊണ്ട് പിന്നീടാകാമെന്ന് അയാൾ പറഞ്ഞു. കുറച്ചു മണിക്കൂറുകൾ കഴിഞ്ഞപ്പോൾ അയാൾ മരിച്ചു. മകൻ അയാളോട് ചോദിച്ചുകൊണ്ടേയിരുന്നിട്ടും ആ വിദ്യ അയാൾ പറഞ്ഞുകൊടുത്തില്ല. ആ അറിവ് അവന് നഷ്ടമായി. ആ വിദ്യ അഭ്യസിക്കണമെന്നതായിരുന്നു അവന്റെ ആഗ്രഹം. പക്ഷേ, സ്വന്തം പിതാവിന്റെ പിടിവാശി കാരണം അവൻ അജ്ഞനായി. അവന്റെ പിതാവ് അവനു പ്രയോജനപ്പെട്ടില്ല. ആ വിദ്യയും അവന് പ്രയോജനപ്പെട്ടില്ല. അവിടന്ന് പറയുന്നു: പിശുക്ക് അഭിവൃദ്ധിയുടേതല്ല. മറിച്ച് അത് നിന്ദതയ്ക്കും അപമാനത്തിനും കാരണമായിത്തീരുന്നു. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അറിവിന്റെ കാര്യങ്ങളിൽ പിശുക്ക് കാണിക്കരുത്. അത് വിപുലപ്പെടുത്താൻ ശ്രമിക്കുകയാണ് വേണ്ടത്. അവിടന്ന് പറയുന്നു: ചില ഘട്ടങ്ങളിൽ ഇത് കുടുംബങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. ഈ തൊഴിലുകളും വിദ്യകളും പഠിപ്പിക്കുന്നത് ദോഷമല്ല. മറിച്ച് ഫലപ്രദമാണ്. ഇതുമുഖേന അറിവ് വർദ്ധിക്കുന്നു. ഈ വിദ്യകൾ പ്രത്യേകിച്ചും മൃതമായിക്കഴിഞ്ഞിട്ടുള്ള വിദ്യകൾ അഭിവൃദ്ധിപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.'(അൽഫള്ൽ ദിനപത്രം 1939 ഏപ്രിൽ 29 വാള്യം 27 നമ്പർ 98 പേജ് 4)

ചിലയിടത്ത് ഡോക്ടർ അഹങ്കാരത്തിന് നിമിത്തമായിത്തീരാറുണ്ട്. ഈ അഹങ്കാരം കാരണത്താൽ മറ്റുള്ളവർക്ക് ഡോക്ടർ ബുദ്ധിമുട്ടിന് കാരണക്കാരനായിത്തീരുന്നു. ചിലപ്പോൾ അജ്ഞത അറിവിനെ നശിപ്പിക്കുന്നു. ലോകത്തിനുണ്ടാകേണ്ട ഫലം നഷ്ടമായിപ്പോകുന്നു. ഇത് ഇന്ന് അവികസ്വര-വികസ്വര രാജ്യങ്ങളിൽ സാധാരണയായിത്തീർന്നിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്ത് ഈ കാര്യങ്ങളിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ അജ്ഞത അകറ്റുക.

മനുഷ്യന് വിവിധ പ്രകൃതിയാണുള്ളത്. ചിലർ നിഷ്കളങ്കതയിൽ മുമ്പന്തിയിലുള്ളവരായിരിക്കും. എല്ലാ കാര്യങ്ങളേയും വിശാലഹൃദയത്തോടെ അവർ അംഗീകരിക്കുന്നു. ചിലർ എടുത്തുചാട്ടക്കാരായിരിക്കും. ദുരുദ്ദേശ്യമില്ലെങ്കിൽ ത്തന്നെയും ആക്ഷേപം ഉന്നയിക്കുന്നു. അല്ലെങ്കിൽ ആക്ഷേപം കലർന്നരീതിയിൽ സംസാരിക്കുന്നു. അത്തരം ആൾക്കാരെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഒരിക്കൽ അത്തരം രണ്ടു വിഭിന്നപ്രകൃതക്കാരുടെ സമ്മേളനം നടന്നു. (അതായത് ഒരിടത്ത് അവർ സംഘടിച്ചു).1905 ഏപ്രിൽ 4ന് ഭയാനകമായ ഭൂകമ്പമുണ്ടായ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഭൂകമ്പത്തെക്കുറിച്ച് ധാരാളമായി ഇൽഹാമുകളുണ്ടായി. അദ്ദേഹം അല്ലാഹുവിന്റെ വചനങ്ങളെ ആദരിച്ചും ബഹുമാനിച്ചും തന്റെ തോട്ടത്തിലേക്ക് താമസിക്കാൻ പോയി. പല വിഡ്ഢികളും ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്ലേഗിനെ ഭയന്നുകൊണ്ടാണ് തോട്ടത്തിലേക്ക് പോയതെന്ന് പറയാൻ തുടങ്ങി. വാസ്തവത്തിൽ പ്ലേഗിനെ ഭയന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വീട് ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. ആ സമയത്ത് ഭൂകമ്പങ്ങളെ കുറിച്ചുള്ള ധാരാളം വെളിപാടുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ട് കുറച്ചുനാൾ തോട്ടത്തിൽപോയി താമസിക്കുന്നത് നന്നായിരിക്കുമെന്ന് അവിടന്ന് കരുതി. സ്നേഹിതന്മാരോടും അവിടെ വന്ന് താമസിക്കാൻ അവിടന്ന് പറഞ്ഞു. എല്ലാം പെട്ടെന്നായിരുന്നതുകൊണ്ട് കുറച്ച് തമ്പടിക്കാനുള്ള ഏർപാടുകൾ ചെയ്തു. കുറച്ചാളുകൾ ഇഷ്ടിക അടുക്കിവച്ച് പായ വിരിച്ച് താമസിക്കാൻ കുടിലുകൾ കെട്ടി. എല്ലാവരേയും ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ കൂടെ പാർപിച്ചു.(ഖുത്ബാത്തെ മഹ്മൂദ് വാള്യം 14 പേജ് 113-114) എടുത്തുചാട്ടപ്രകൃതക്കാരായവർ ചിലപ്പോൾ ഒന്നും ചിന്തിക്കാതേയും മനസ്സിലാക്കാതേയും ആക്ഷേപകരമായ കാര്യങ്ങൾ പറയുന്നു. ഇതിൽനിന്ന് സ്നേഹിതന്മാർ രക്ഷപ്പെടേണ്ടതാണ്.

ഖുത്ബ ഇൽഹാമിയായുടെ ഇടയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എങ്ങനെയാണ് കണ്ടതെന്ന് വിവരിച്ചു കൊണ്ട് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ)നോടു പെരുന്നാൾ ഖുത്ബ അറബിയിൽ നിർവഹിക്കണമെന്ന് അല്ലാഹു പറഞ്ഞു. അല്ലാഹുവിൽനിന്ന് അറിവ് നല്കപ്പെടുന്നതാണെന്നും അറിയിച്ചു. അതിനുമുമ്പേ ഒരിക്കലും ഹദ്റത്ത് മസീഹ് മൗഊദ്(അ)അറബിയിൽ ഖുത്ബ നി ർവഹിച്ചിരുന്നില്ല. പക്ഷേ, പ്രസംഗത്തിനുവന്ന് പ്രസംഗം തുടങ്ങിയപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'എനിക്ക് നല്ലവണ്ണം ഓർമയുണ്ട്. ചെറുപ്രായമായതുകൊണ്ട് എനിക്ക് അറബി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, അവിടന്ന് മനോഹരവും തേജസ്സുറ്റതുമായ അവസ്ഥയിലായിരുന്നു

ഉണ്ടായിരുന്നത്. ഞാൻ ആദ്യം മുതൽ അവസാനംവരെ തുടർച്ചയായി പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ ഒരു വാക്കുപോലും മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല.'(ഹഖീഖത്തുർറുഅ്‌യാ, അൻവാറുൽ ഉലൂം വാള്യം 4 പേജ് 187-188)

മസ്ജിദ് മുബാറക്കിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിക്കുകയുണ്ടായി. ഖുത്ബ ഇൽഹാമിയായോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാപനം ചേർത്തിരിക്കുന്നതുകൊണ്ട് മസ്ജിദ് മുബാറക് ഏതാണെന്ന് വ്യക്തമാകുന്നില്ലെന്ന് ചിലർ പറഞ്ഞു. ഇതേ തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖുത്ബ ഇൽഹാമിയ വരുത്തി ആ വിജ്ഞാപനം വായിച്ചു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) പണികഴിപ്പിച്ച ഈ മസ്ജിദ് തന്നെയാണെന്ന് അവിടന്ന് പറഞ്ഞു. പിന്നീട് ഈ നിവേദനം അവിടന്ന് വിവരിച്ചു.

ഒരിക്കൽ ഉമ്മുൽ മുഅ്മിനീന് സുഖമില്ലാതായി. ഏകദേശം 40 ദിവസംവരെ അതു നീണ്ടുനിന്നു. ഒരുദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഈ മസ്ജിദിനെ സംബന്ധിച്ച് ഇൽഹാമുണ്ട്. അതിലെ ചുരുങ്ങിയ വാക്കുകൾ അവിടന്ന് വിവരിച്ചു. ആ ഇൽഹാം ഇപ്രകാരമായിരുന്നു: *മുബാരിക്കുൻ വ മുബാറക്കുൻ വ കുല്ലു അംരിൻ മുബാറക്കിൻ യുജ്അലു ഫീഹി* അവിടന്ന് പറഞ്ഞു, ഈ മസ്ജിദിനെക്കുറിച്ചുള്ള ഇൽഹാമാണിത്. നീ വരിക, അവിടെ പോയി മരുന്നു തരാം. മസ്ജിദിലെത്തി അവിടെവെച്ച് ഹദ്റത്ത് അമ്മാജാന് മരുന്നു കൊടുത്തു. രണ്ടു മണിക്കൂറിനുള്ളിൽ അമ്മാജാന്റെ രോഗം ഭേദമായി.'(അൽഫദ്ൽ 1921 ഫെബ്രുവരി 14 വാള്യം 8 നമ്പർ 61 പേജ് 6)

ദീനിന് സേവനം ചെയ്തുകൊണ്ട് അതിനോടുള്ള കടമ നിറവേറ്റണമെന്ന് അവിടന്ന് ഡോക്ടർമാരെ ഉപദേശിച്ചു. അതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. ഇതു സംബന്ധമായി അവിടന്ന് പറഞ്ഞു: സത്യവും സത്യസാക്ഷ്യവും രോഗികളെ പെട്ടെന്ന് സ്വാധീനിക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഒരു ഡോക്ടർ ചോദിച്ചു, എനിക്ക് ദീനിന് എന്തു സേവനം ചെയ്യാനാണ് കഴിയുക? അവിടന്ന് പറഞ്ഞു, താങ്കൾ രോഗികൾക്ക് തബ്‌ലീഗ് ചെയ്യുക. ഇത് വളരെ നല്ല അവസരമാണ്. കാരണം രോഗികളുടെ മനസ്സ് മൃദുലമാണ്.'(അൻവാറുൽ ഉലൂം വാള്യം 13 പേജ് 338)

ഈ ചിന്താഗതി ഇക്കാലത്തെ ഡോക്ടർമാരും വെച്ചുപുലർത്തേണ്ടതാണ്. ഈ ചിന്താഗതിയും കർമവും പിന്നീട് ഭൗതികാനുഗ്രഹം സമ്പാദിക്കുന്നതോടൊപ്പം ദീനീ സേവനത്തിനുള്ള അവസരം നല്കി, അല്ലാഹുവിന്റെ ഫള്‌ലുകളും കരസ്ഥമാക്കുന്നവരാക്കിത്തീർക്കും.

പർദയുടെ പ്രശ്നം ഈയിടെയായി ഇവിടെ പാശ്ചാത്യൻ രാജ്യങ്ങളിൽ വലിയ ഒച്ചപ്പാടും ബഹളവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്; സ്ത്രീകളുടെ അവകാശങ്ങളുടെ പേരിൽ, അല്ലെങ്കിൽ ഭീകരവാദം അവസാനിപ്പിക്കുന്നതിന്റെ പേരിൽ, അല്ലെങ്കിൽ അനാവശ്യമായി ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്ന കാരണത്താൽ. എങ്ങനെയാണ് പർദ ആചരിക്കേണ്ടത്? ഏതു പരിതഃസ്ഥിതിയിലാണ് ആചരിക്കേണ്ടത്? തുടങ്ങി അതിന്റെ വിവിധ വശങ്ങൾ അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നു. ഇതിൽ സ്ത്രീകളുടെ സൗന്ദര്യപ്രകടനത്തെ കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി. *ഇല്ലാ മാ ളഹറ മിൻഹാ (24:32)*ഇതു വിശദീകരിച്ചുകൊണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശം ഉദ്ധരിച്ചുകൊണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: *ഇല്ലാ മാ ളഹറ മിൻഹാ* എന്നതിന്റെ അർഥം അതിൽനി ന്ന് സ്വയം വെളിപ്പെടുന്നതൊഴികെ എന്നാണ്. അത് എന്തെങ്കിലും നിർബന്ധ കാരണത്താൽ മറച്ചുവെക്കാൻ സാധിക്കുകയില്ല. ആ നിർബന്ധിതാവസ്ഥ നിർമാണത്തിന്റെ അടിസ്ഥാനത്തിലാവാം.(അതായത് ബാഹ്യമായ നിർമാണമല്ല മറിച്ച് ശരീരത്തിന്റെ നിർമാണം) ഉദാഹരണത്തിന് പൊക്കം. ഇതും ഒരു സൗന്ദര്യമാണ്. എന്നാൽ, അത് മറച്ചുവെക്കുക അസംഭാവ്യമാണ്. അതുകൊണ്ട് അത് വെളിവാക്കുന്നതിൽനിന്ന് ശരീഅത്ത് തടയുന്നില്ല. അല്ലെങ്കിൽ രോഗത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഭാഗം ചികിത്സയ്ക്കായി ഡോ ക്ടറെ കാണിക്കേണ്ടിവരുന്നു. (അപ്പോൾ വിശുദ്ധ ഖുർആൻ അനുസരിച്ച് അതും വെളിപ്പെടുത്താവുന്നതാണ്). എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ് (അ)എത്രത്തോളം പറഞ്ഞുവെന്നാൽ ഡോക്ടർ ഏതെങ്കിലും സ്ത്രീയെ കുറിച്ച് അവൾ മുഖം മറയ്ക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ട് മുഖം മറയ്ക്കരുതെന്ന് പറഞ്ഞാൽ (തന്റെ മുഖം കവർ ചെയ്യരുതെന്ന് പറഞ്ഞാൽ)അത്തരം അവസ്ഥയിൽ അത് അനുവദനീയമായ കാര്യമാണ്. മുഖം മറയ്ക്കാൻ പാടില്ല. എന്നല്ല ചില കർമശാസ്ത്ര പണ്ഡിതന്മാരുടെ പക്കൽ സ്ത്രീ ഗർഭിണിയാകുകയും വയറ്റാട്ടിയെ കിട്ടാതെ വരികയും ഏതെങ്കിലും വിദഗ്ദ്ധനായ ഡോക്ടറെ കാണിച്ചില്ലെങ്കിൽ അപകടമാണെന്ന് ഡോക്ടർ പറയുകയും ചെയ്താൽ അത്തരം അവസ്ഥയിൽ പുരുഷഡോക്ടറെകൊണ്ട് കുഞ്ഞിനെ പുറത്തെടുപ്പിക്കുന്നത് അനുവദനീയമാണ്. എന്നല്ല അത്തരം ഘട്ടത്തിൽ ഏതെങ്കിലും സ്ത്രീ അതിന് തയ്യാറാകാതിരിക്കുകയും മരിക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ സന്നിധിയിൽ അവൾ ആത്മഹത്യചെയ്ത് പാപംപേറിയവളെപ്പോലെയായിരിക്കും. പിന്നീട് ഈ നിർബന്ധിതാവസ്ഥ ജോലിയുടെ അടിസ്ഥാനത്തിലും ആകാവുന്നതാണ്. കർഷകകുടുംബങ്ങളിലെ സ്ത്രീകളുടെ ഉദാഹരണം ഞാൻ നല്കിയതാണ്.(മുമ്പേ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഉദാഹരണം നല്കിക്കഴിഞ്ഞിട്ടുള്ളതാണ്).(അവർ ജോലിയെടുക്കുന്നില്ലെങ്കിൽ)വ്യാപാരങ്ങളിൽ തങ്ങളുടെ ഭർത്താക്കന്മാരെ സഹായിക്കുന്നില്ലെങ്കിൽ അവർക്ക് ജീവിക്കാനെ കഴിയില്ല. ഈ എല്ലാ കാര്യങ്ങളും ഇല്ലാ മാ ളഹറ മിൻഹാ എന്നതിൽപ്പെടുന്നു.'(തഫ്‌സീറെ കബിർ വാള്യം 6 പേജ് 299)

അതുകൊണ്ട് ഇസ്‌ലാം ഇവിടെ സ്വാതന്ത്ര്യവും സ്ഥാപിച്ചു. പരിധികളും സ്ഥാപിച്ചു. പൂർണമായും തുറന്നുവിട്ടില്ല. ചില നിർബന്ധിതാവസ്ഥ കാരണം പർദ കുറയ്ക്കാവുന്നതാണ്. കുറഞ്ഞ അളവിൽ പർദ ആചരിക്കാവുന്നതാണ്. പക്ഷേ, അതിനോടൊപ്പം ഇസ്‌ലാമികകല്പനകളെ അനാവശ്യമായ നിലയിൽ ഉപേക്ഷിക്കുക എന്നത് വിലക്കുകയും ചെയ്തു. ഇസ്‌ലാം സ്വാതന്ത്ര്യത്തിന്റെ പേരിൽ ലജ്ജയില്ലായ്മ വെച്ചിട്ടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'തഫഖ്ഖഹുദ്ദീനി'നെ കുറിച്ചു പറഞ്ഞുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇസ്‌ലാമികമായ മസ്അലകളുടെ അടിത്തറ തഫഖ്ഖഹുദ്ദീനിലാണ്. അതായത് മതപരമായ അറിവു നേടുക. അതിൽ അതിസൂക്ഷ്മമായ യുക്തികളുണ്ട്. അതു മനസ്സിലാക്കാത്തിടത്തോളം മനുഷ്യൻ വഞ്ചിതനായി ചിലപ്പോൾ വഴികേടിലേക്ക് പോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഒരു മജ്‌ലിസിൽ 'മനുഷ്യൻ തഖ്‌വയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ അവനാഗ്രഹിച്ചാൽ നൂറുവിവാഹവും കഴിക്കാമെന്ന് പറഞ്ഞു. ഇക്കാര്യം ജമാഅത്തിന്റെ പത്രങ്ങളിലൊന്നിൽ അച്ചടിച്ചു വരികയും ചെയ്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കിൽനിന്ന് വിവാഹത്തിന് നാല് എന്ന പരിധി ഇല്ലെന്നാണ് മനസ്സിലാകുന്നതെന്ന് പറഞ്ഞ് ചർച്ച തുടങ്ങി. (അപ്പോൾ പുരുഷന്മാർ സന്തോഷിച്ചിട്ടുണ്ടാകും. നാലിന്റെ പരിധിയില്ലല്ലോ.വിവാഹം ഇഷ്ടംപോലെ കഴിക്കാം!) ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് പുറത്തുനടന്നുകൊണ്ടിരുന്ന ഈ ചർച്ചയും കോലാഹലവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എത്തിച്ചു. എന്താണ് അതുകൊണ്ടുദ്ദേശിക്കുന്നതെന്ന് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഒരു ഭാര്യ മരിക്കുകയോ ഏതെങ്കിലും കാരണത്താൽ ത്വലാക്കാകുകയോ ചെയ്താൽ അവൾക്കുപകരം അവന് മറ്റൊരു വിവാഹം കഴിക്കാവുന്നതാണ്. ഇപ്രകാരം നൂറുവിവാഹം വേണമെങ്കിലും കഴിക്കാം. ഇതിലൂടെ ആ മഹാത്മാവ് ചില മതങ്ങളുടെ ചിന്താഗതിയെ ഖണ്ഡിക്കുകയായിരുന്നു.(വേറേതോ വിഷയത്തിന്നിടയിലാണ് ഇത് പ്രതിപാദ്യ വിഷയമായത്. ചിലപ്പോൾ ആളുകൾ മുമ്പും പിമ്പും നോക്കാതെ തീരുമാനമായി എന്ന് പറയാറുണ്ട്. അവിടന്ന് എന്തൊന്നാണോ വെളിപ്പെടുത്തിയത് അതിന്റെ യാഥാർഥ്യം ഇതായിരുന്നു). ജീവിതത്തിലൊരിക്കലും രണ്ടാം വിവാഹം ചെയ്യാൻ പാടില്ല എന്നു പറയുന്ന മതങ്ങളുടെ ചിന്താഗതിയെയാണ് അവിടന്ന് ഖണ്ഡിച്ചത്.(ഭാര്യ മരിച്ചാലും വേണ്ടില്ല, ഉപേക്ഷിച്ചാലും വേണ്ടില്ല ഒരുവിവാഹം നടന്നു കഴിഞ്ഞാൽ അതോടെ എല്ലാ അവസാനിച്ചു. പ്രത്യേകിച്ചും ഭാര്യ മരിച്ചാൽ വിവാഹം കഴിക്കരുതെന്ന ചിന്താഗതിയെ ഖണ്ഡിക്കുകയായിരുന്നു. ഇതുസംബന്ധമായാണ് സംസാരം നടന്നുകൊണ്ടിരുന്നത്.) ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ ഈ വാക്യത്തിന് അവിടന്ന് വിശദീകരണം നല്കാതെ പോയിരുന്നെങ്കിൽ കുറച്ചുകാലത്തിനുശേഷം തഖ്‌വയുണ്ടെങ്കിൽ എത്ര വിവാഹം വേണമെങ്കിലും കഴിക്കാമെന്നതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മതമെന്ന് മനസ്സിലാക്കപ്പെടുമായിരുന്നു. (ഇക്കാലത്ത് പുരുഷൻ രണ്ടും മൂന്നും വിവാഹം കഴിക്കാറുണ്ട്. അവർ തഖ്‌വ എന്ന നിബന്ധനയൊന്നും പരിഗണിക്കാറില്ല. തഖ്‌വ പാലിക്കണമെന്നത് നിർബന്ധമാണ്). ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എനിക്കോർമവന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വിശ്വാസം ഒരു കാലംവരെ നാലിൽകൂടുതൽ വിവാഹം കഴിക്കുന്നത് അനുവദനീയമാണെന്നായിരുന്നു. ആ നാളുകളിൽ ചെറിയ ചെറിയ ജമാഅത്തായിരുന്നു. സ്നേഹിതന്മാർ മിക്കപ്പോഴും തമ്മിൽ കാണാറുണ്ടായിരുന്നു.(ഖാദിയാനിൽ കുറച്ചാളുകളെ ഉണ്ടായിരുന്നുള്ളൂ). ഇത്തരം പ്രശ്നങ്ങളിൽ സുദീർഘമായ ചർച്ചകൾ നടന്നുകൊണ്ടിരുന്നു. ആ നാളുകളിലാണ് ഒരു നേരത്ത് ഈ പ്രശ്നവും ചർച്ചാവിഷയമായത്. നാലു ഭാര്യമാരുടെ പരിധി വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമല്ലെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞു. അബൂദാവൂദിലെ ഒരു നിവേദനവും സമർപിച്ചു. അതിൽ ഹദ്റത്ത് ഇമാം ഹസൻ(റ) പതിനെട്ടോ പത്തൊമ്പതോ വിവാഹം കഴിച്ചിട്ടുണ്ടെന്ന് എഴുതിയിരുന്നു. ഇത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വിശ്വാസമല്ലെന്ന് അതേ മജ്‌ലിസിൽ ആരോ പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് കാര്യങ്ങൾ പൂർണമായും സമർപ്പിക്കപ്പെട്ടിട്ടുണ്ടാകുകയില്ലെന്ന് ഹദ്റത്ത് ഖലീഫ അവ്വൽ വിചാരിച്ചു. അതുകൊണ്ട്

ഈ ഗ്രന്ഥം കൊണ്ടുപോകാൻ ആരോടോ അവിടന്ന് പറഞ്ഞു.(ഇമാം ഹസനെക്കുറിച്ചുള്ള അബൂദാവൂദിലെ നിവേദനം). ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഈ ഉദ്ധരണി കാണിച്ചിട്ട് വരാനും പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഗ്രന്ഥം കൊണ്ടുവരുന്നയാൾ അതും എടുത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയടുക്കൽ പോകുകയായിരുന്നു. എന്നേയും അയാൾ വഴിയിൽ കണ്ടു. കക്ഷത്തിൽ ഗ്രന്ഥം ഇടുക്കിപ്പിടിച്ച് വളരെ ഉത്സാഹത്തോടെ പോകുകയായിരുന്നു. എന്താണ് കാര്യമെന്ന് ഞാൻ അന്വേഷിച്ചു. അയാൾ പറഞ്ഞു, ഹദ്റത്ത് മൗലവി സാഹിബ് ഈ ഉദ്ധരണി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണിക്കാൻ എന്റെ കൈയിൽ തന്നയച്ചതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അയാളുടെ താല്പര്യവും ഉത്സാഹവും കണ്ട് - ആ പ്രശ്നം അങ്ങനെയുള്ളതായിരുന്നല്ലോ- ഞാനും മറുപടി പ്രതീക്ഷിച്ച് അവിടെ നിന്നു. (ഞാൻ ചോദിച്ച ആ സ്ഥലത്തുതന്നെ നിന്നു). കുറച്ചു സമയം കഴിഞ്ഞ് അദ്ദേഹം തിരിച്ചെത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: പോകുമ്പോഴുണ്ടായിരുന്ന ഉത്സാഹവും സന്തോഷവും ഒന്നും കൂടാതെ അയാൾ മടങ്ങിവരുന്നതാണ് ഞാൻ കണ്ടത്. എന്താണ് കാര്യമെന്ന് ഞാൻ ചോദിച്ചു. അയാൾ പറഞ്ഞു: 'ഈ എല്ലാ ഭാര്യമാരും ഒരേ സമയത്ത് കൂടെയുണ്ടായിരുന്നുവെന്ന് എഴുതിയിട്ടുള്ളത് എവിടെയാണെന്ന് മൗലവി സാഹിബിനോടു ചോദിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അങ്ങനെ ആ പ്രശ്നം അതോടെ അവസാനിച്ചു. അതായത് നാലിൽ കൂടുതൽ വിവാഹം ഒരേ സമയത്ത് അനുവദനീയമല്ലെന്ന് അതിനും നിബന്ധനകളുണ്ട്. തഖ്‌വയാണ് അതിപ്രധാനമായ നിബന്ധന.

ഇമാമിന്റെ വിളിക്കുത്തരം നല്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇമാമിന്റെ വിളിക്കെതിരിൽ സാധാരണക്കാരന്റെ വിളിക്ക് ഒരു പ്രസക്തിയുമില്ല. നിങ്ങളുടെ ചെവികളിൽ ദൈവദൂതന്റെ വിളിയെത്തിയാൽ ഉടനെ അതിനുത്തരം നല്കുകയും അതു നടപ്പിൽവരുത്തുന്നതിനുവേണ്ടി ഓടുകയും ചെയ്യുക എന്നത് നിങ്ങളുടെ നിർബന്ധ കടമയാണ്. അതിലാണ് നിങ്ങളുടെ അഭിവൃദ്ധിയുടെ രഹസ്യം അടങ്ങിയിരിക്കുന്നത്. നമസ്കരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽപ്പോലും അതുപേക്ഷിച്ച് ദൈവദൂതന്റെ വിളിക്കുത്തരം നല്കുക എന്നത് നിങ്ങളുടെ നിർബന്ധ കടമയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: നമ്മുടെ ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത്തരത്തിലുള്ള ഉദാഹരണങ്ങളും കാണുന്നുണ്ട്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) ഒരിക്കൽ അങ്ങനെതന്നെ ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിക്കൽ വിളിച്ചപ്പോൾ ഉടനെ നമസ്കാരം ഉപേക്ഷിച്ച് അവിടത്തെ സന്നിധിയിൽ ഹാജരായി. മീർ മഹ്ദീ ഹുസയ്ൻ സാഹിബും മിയാ അബ്ദുല്ലാഹ് സാഹിബ് സൻവരിയും അങ്ങനെ ചെയ്തിട്ടുണ്ട്.(ഈ രണ്ടാളുകളും വിവിധ നേരങ്ങളിൽ അങ്ങനെ ചെയ്തിട്ടുണ്ട്.) ചിലയാളുകൾ അതിന്നെതിരിൽ ആക്ഷേപം ഉന്നയിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ആയത്തോതി: *ലാ തജ്അലൂ ദുആഅർറസൂലി ബയ്നക്കും കദുആയി ബഅ്ളിക്കും ബഅ്ളാ- ഖദ് യഅ്‌ലമുല്ലാഹുല്ലദീന യതസല്ലലൂന മിൻകും ലിവാദാ- ഫൽ യഹ്ദരില്ലദീന യുഖാലിഫൂന അൻ അംരിഹീ അൻതുസീബഹും ഫിത്നത്തുൻ ഔ യുസീബഹും അദാബുൻ അലീം.*(24:64)ദൈവദൂതൻ വിളിക്കുന്നത് നിങ്ങൾ അന്യോന്യം വിളിക്കുന്നതുപോലെ ഗണിക്കരുത്. മറപിടിച്ചുകൊണ്ട് നിങ്ങളിൽനിന്ന് രഹസ്യമായി മാറിക്കളയുന്നവരെക്കുറിച്ച് അല്ലാഹു അറിയുന്നുണ്ട്. അതിനാൽ, അദ്ദേഹത്തിന്റെ കല്പനയെ ലംഘിക്കുന്നവരെ വല്ല വിപത്തും ബാധിക്കുകയോ അല്ലെങ്കിൽ അവർക്കു വേദനാജനകമായ ശിക്ഷ വന്നെത്തുകയോ ചെയ്യുന്നതിനെ അവർ സൂക്ഷിച്ചുകൊള്ളട്ടെ. ഇതുപോലെ മറ്റൊരിടത്ത് പറയുന്നു: *യാ അയ്യുഹല്ലദീന ആമനുസ്തജീബൂ ലില്ലാഹി വലിർറസൂലി ഇദാ ദആക്കും ലിമാ യുഹ്‌യീക്കും*(8:25) വിശ്വാസികളേ!അല്ലാഹുവിനും ദൂതനും - നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നല്കുക.

എന്തായാലും നബിയുടെ വിളിക്ക് എത്രയും പെട്ടെന്ന് ഉത്തരം നല്കേണ്ടത് അത്യാവശ്യകാര്യമാണ്. എന്നല്ല ഈമാനിന്റെ അടയാളങ്ങളിൽ ഒരു വലിയ കനപ്പെട്ട അടയാളമാണ്.(തഫ്സീറെ കബീർ, വാള്യം 6 പേജ് 408 -409)

അതുകൊണ്ട് ഇതു ആ മഹാത്മാക്കൾ ചെയ്തിരുന്നത് തികച്ചും അനുവദനീയമായിരുന്നു. നമസ്കാരമല്ല യഥാർഥ ഉദ്ദേശ്യം. അല്ലെങ്കിൽ നബിയുടെ സാന്നിദ്ധ്യത്തിൽ മറ്റൊരു നന്മയുമല്ല യഥാർഥ ഉദ്ദേശ്യം. മറിച്ച് യഥാർഥ ഉദ്ദേശ്യം അല്ലാഹുവിനോളം എത്തുക എന്നതാണ്. അവൻ പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കലാണ്. ഇതിന്റെ ഉദാഹരണമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളിൽനിന്ന് നമുക്ക് ലഭിക്കുന്നത്. ഇപ്രകാരംതന്നെ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽനിന്നും ലഭിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നമ്മുടെ ശ്രദ്ധയിൽപ്പെടുത്തിയ സുപ്രധാനമായ ഒരു കാര്യമുണ്ട്. അതെന്നെന്നും സുപ്രധാനമാണ്; ഇപ്പോഴും. അവിടന്ന് പറയുന്നു: 'മുഅ്മിൻ യഥാർഥത്തിൽ കൂടുതൽ വ്യക്തതയ്ക്കുവേണ്ടി കാത്തിരിക്കാറില്ല. അവന് ഒരു സൂചന മതിയായതായിരിക്കും. ആ സൂചന മനസ്സിലാക്കിക്കൊണ്ട് അവർ എത്രമാത്രം ആവേശത്താൽ പ്രവർത്തിക്കുന്നുവെന്നാൽ ചിലയാളുകളെ സംബന്ധിച്ച് അവർ അക്കാര്യത്തിൽ ഭ്രാന്തരായോ എന്നു പോലും സംശയിച്ചുപോകുന്നു. അതുകൊണ്ടാണ് ലോകത്തുണ്ടായിട്ടുള്ള എല്ലാ സമ്പൂർണ വിശ്വാസികളേയും ആളുകൾ ഭ്രാന്തരെന്ന് വിളിച്ചത്. അവിടന്ന് പറയുന്നു: അല്ലാഹു മഗ്ഫിർത്ത് നല്കുമാറാകട്ടെ. മൗലവി യാർ മഹമ്മദു സാഹിബ് എന്റെ ഉസ്താദായിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിയിൽ അത്തരത്തിലുള്ള അല്പം ന്യൂനത ഉണ്ടായിരുന്നു. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആ ന്യൂനത ഏത് വർണത്തിലുള്ളതായിരുന്നുവെന്നാൽ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തന്റെ പ്രേമഭാജനവുംതന്നെ പ്രേമിയുമായി മനസ്സിലാക്കിയിരുന്നു. (ഈ പ്രണയം കാരണത്താൽ അദ്ദേഹം ധരിച്ചിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ വാഗ്ദത്ത പുത്രനും മുസ്‌ലിഹ് മൗഊദും ആക്കിയിരിക്കുന്നുവെന്നാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു ശീലമുണ്ടായിരുന്നു. സംസാരിച്ച സംസാരിച്ച് ആവേശത്തിൽ വരുമ്പോൾ ആരെയെങ്കിലും വിളിക്കുന്നതുപോലെ തന്റെ തുടയിൽ കൈകൊണ്ടടിക്കുമായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത്തരത്തിൽ ആവേശത്തോടെ പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ മൗലവി യാർ മുഹമ്മദു സാഹിബ് ചാടിപ്പോയി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തിരുന്നു. താങ്കൾ ഇതെന്താണ് ചെയ്തതെന്ന് പിന്നീട് ആരോ അദ്ദേഹത്തോടു ചോദിച്ചു.അപ്പോൾ അദ്ദേഹം പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ആംഗ്യംകൊണ്ട് തന്റെ മുന്നിൽ വന്നിരിക്കാൻ എന്നോടു പറയുകയായിരുന്നു. അങ്ങനെ ഞാൻ ചാടി മുന്നിൽ വന്നിരുന്നു. ഇതൊരു ഉന്മാദമായിരുന്നു. ചില രീതിയിലുള്ള ഉന്മാദവും നല്ലതാണ്. എന്തായാലും അദ്ദേഹത്തിന്റെ ആ ഉന്മാദം വെറുപ്പിലേക്ക് പോകാതെ സ്നേഹത്തിലേക്കാണ് പോയത്. സ്നേഹത്തിന്റെ ആ ഭ്രാന്തത്വം സൂചന അല്ലാത്തതിനേയും തങ്ങൾക്കുള്ള സൂചനയായി മനസ്സിലാക്കുന്നു.(അവരോടല്ലെങ്കിലും അവരോടാണ് പറയുന്നതെന്ന് മനസ്സിലാക്കുന്നു). അവിടന്ന് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു: അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന് വാദിക്കുന്ന ജനത ശരിയായ ആംഗ്യങ്ങൾ, അത് തങ്ങളോടാണെന്ന് എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല. നമ്മുടെ ജമാഅത്തിലെ, ജമാഅത്തിനോടു കൂറുപുലർത്തുന്ന ഉന്മാദരുടെ ആ സ്നേഹം അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടയിൽ മെല്ലെ കൈകൊണ്ടടിക്കുമ്പോൾ, അവിടന്ന് വിളിക്കുന്നത് തന്നെയാണെന്ന് മനസ്സിലാക്കിയ മൗലവി യാർ മുഹമ്മദിന്റെ അത്രപോലുമില്ലേ? ഇവിടെ അല്ലാഹു വ്യക്തമായ നിലയിൽ കല്പന നല്കുന്നുവെങ്കിലും, അല്ലാഹുവിന്റെ മസീഹ് കല്പന നല്കുന്നുവെങ്കിലും അതിൽ ശ്രദ്ധിക്കുന്നില്ല.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 733-734)

അതുകൊണ്ട് നമ്മൾ ഇതിൽ ചിന്തിക്കേണ്ട ആവശ്യമുണ്ട്. എത്രത്തോളം അല്ലാഹുവിന്റെ കല്പനകളേയും അവന്റെ സൂചനകളേയും നമ്മൾ മനസ്സിലാക്കുന്നുണ്ടെന്ന് പരിശോധിക്കുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹുവിന്റെ തൃപ്തിയും അവന്റെ കല്പനകളിലൂടെ നടന്നും എല്ലാ ജോലിയും ചെയ്യേണ്ടതാണ്. ആളുകളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി ചെയ്യരുത്. അവിടന്ന് പറയുന്നു: 'മൗലവി ഗുലാം അലി സാഹിബ് എന്ന ഒരു കട്ടർ വഹാബി ഉണ്ടായിരുന്നു. ഇന്ത്യയിൽ ജുമുഅ നമസ്കാരം നമസ്കരിക്കാം എന്നതായിരുന്നു വഹാബികളുടെ ഫത്‌വ. പക്ഷേ, ഹനഫികളുടെ പക്കൽ ഇന്ത്യയിൽ ജുമുഅ നമസ്കാരം അനുവദനീയമായിരുന്നില്ല.(അക്കാലഘട്ടത്തിൽ അത്ഭുതമുളവാക്കുന്നതായിരുന്നു അവരുടെ പ്രശ്നങ്ങൾ). കാരണം മുസ്‌ലിം ഭരണാധികാരിയുള്ള സ്ഥലങ്ങളിൽമാത്രമേ ജുമുഅ നമസ്കാരം അനുവദനീയമാകുകയുള്ളു എന്നാണ് അവർ പറയാറുണ്ടായിരുന്നത്.(മുസ്‌ലിം രാജാവാണ് ഭരിക്കുന്നതെങ്കിൽ ജുമുഅ നമസ്കരിക്കാം). ജുമുഅ നമസ്കരിപ്പിക്കുന്നയാൾ മുസ്‌ലിം ഖാളിയുമായിരിക്കണം. ജുമുഅ നമസ്കരിപ്പിക്കുന്ന സ്ഥലം പട്ടണമായിരിക്കണം. ഇന്ത്യയിൽ ബ്രിട്ടീഷുഭരണമായതിനാൽ മുസ്‌ലിം രാജാവുണ്ടായിരുന്നില്ല. ഖാളിയുമുണ്ടായിരുന്നില്ല. അതുകൊണ്ട് ജുമുഅ നമസ്കരിക്കുന്നത് അനുവദനീയമായി അവർ മനസ്സിലാക്കിയിരുന്നില്ല. (ഈ പ്രശ്നമാണ് അവർക്കുണ്ടായത്. ഇവിടെ വിശുദ്ധ ഖുർആനിലാണെങ്കിൽ ജുമുഅ നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ എല്ലാ ജോലിയും ഉപേക്ഷിച്ച് പോകുക എന്ന് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് അവരുടെ മനസ്സിന് സമാധാനമുണ്ടായിരുന്നില്ല.) ഒരു ഭാഗത്ത് ജുമുഅ നമസ്കരിക്കണമെന്ന് അവരുടെ മനസ്സ് ആഗ്രഹിച്ചു. മറുഭാഗത്ത് ഏതെങ്കിലും ഹനഫി മൗലവി തങ്ങൾക്കെതിരെ ഫത്‌വ പുറപ്പെടുവിക്കുമോ എന്ന് അവർ ഭയപ്പെട്ടിരുന്നു. ഈ ബുദ്ധിമുട്ട് കാരണത്താൽ ജുമുഅ ദിവസം ആദ്യം അവർ ഗ്രാമത്തിൽ ജുമുഅ നമസ്കരിച്ചിരുന്നു. പിന്നീട് ളുഹ്ർ നമസ്കാരവും അനുഷ്ഠിച്ചിരുന്നു. ജുമുഅയുടെ പ്രശ്നം ശരിയായതാണെങ്കിൽ അപ്പോഴും തങ്ങൾ രക്ഷ

EDITOR
H.SHAMSUDDIN
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 21 April 2016 Issue-7

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

പ്പെട്ടു, ഇനി ളുഹ്റാണ് ശരിയെങ്കിൽ അപ്പോഴും തങ്ങൾ രക്ഷപ്പെടുമെന്ന് അവർ ധരിച്ചിരുന്നു. അതുകൊണ്ടാണ് അവർ ളുഹ്റിന്റെ പേര് ളുഹ്ർ എന്നതിനുപകരം ഇഹ്തിയാത്വി എന്നു വച്ചത്. അഥവാ അല്ലാഹു തങ്ങളുടെ ജുമുഅ നമസ്കാരത്തെ എടുത്തെറിഞ്ഞു കളഞ്ഞാൽ ളുഹ്ർ നമസ്കാരം എടുത്ത് അവന്റെ മുമ്പിൽ വെക്കാം! ഇനി ളുഹ്ർ നമസ്കാരം നിഷേധിച്ചാൽ ജുമുഅ നമസ്കാരം എടുത്ത് അവന്റെ മുമ്പിൽ വെക്കാം. 'ഇഹ്തിയാത്വി'നമസ്കാരം അനുഷ്ഠിക്കാത്തവനെ വഹാബിയായി മനസ്സിലാക്കിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയാറുണ്ടായിരുന്നു, ഒരിക്കൽ നാം മൗലവി ഗുലാം അലി സാഹിബിനോടൊപ്പം ഗുരുദാസ്പൂരിൽ പോയി. വഴിയിൽ ജുമുഅയുടെ സമയമായി. നമസ്കരിക്കുന്നതിനുവേണ്ടി ഞങ്ങൾ ഒരു മസ്ജിദിൽ കയറി. അവിടെത്തെ പൊതുരീതി വഹാബികളുമായി കൂടിക്കലർന്നതായിരുന്നു. കാരണം വഹാബികൾ ഹദീഥുകളനുസരിച്ച് കർമം ചെയ്യൽ തങ്ങൾക്ക് നിർബന്ധമായി കാണുന്നു. അവരുടെ വിശ്വാസം നബി(സ)തിരുമേനിയുടെ സുന്നത്തനുസരിച്ചുള്ള കർമം മോക്ഷത്തിന് അനിവാര്യമാണെന്നായിരുന്നു. ചുരുക്കം പറഞ്ഞാൽ, അവിടന്നും(ഹദ്റത്ത് മസീഹ് മൗഊദ്(അ)ളും) മൗലവി ഗുലാം അലി സാഹിബിനോടൊപ്പം പോയി ജുമുഅ നമസ്കരിച്ചു. മൗലവി ഗുലാം അലി സാഹിബ് ജുമുഅ നമസ്കരിച്ചുടനെ നാലു റക്അത്ത് ളുഹ്റും നമസ്കരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ഞാൻ അദ്ദേഹത്തോടു ചോദിച്ചു, മൗലവി സാഹിബേ! ജുമുഅ നമസ്കാരത്തിനുശേഷം നാലു റക്അത്ത് എന്തിനാണ്? അദ്ദേഹം പറഞ്ഞു, ഇത് 'ഇഹ്തിയാത്വി' നമസ്കാരമാണ്. ഞാൻ പറഞ്ഞു, മൗലവി സാഹിബേ! താങ്കൾ വഹാബിയല്ലേ? താങ്കളുടെ വിശ്വാസം ഇതിനെതിരാണല്ലോ? അപ്പോൾ 'ഇഹ്തിയാത്വി'നമസ്കാരത്തിന്റെ ഉദ്ദേശ്യമെന്താണ്? അദ്ദേഹം പറഞ്ഞു, 'അല്ലാഹുവിന്റെ മുമ്പിൽ നമ്മുടെ ജുമുഅ സ്വീകരിക്കപ്പെടുമോ അല്ലെങ്കിൽ ളുഹ്ർ സ്വീകരിക്കപ്പെടുമോ എന്നർഥത്തിലല്ല ഈ 'ഇഹ്തിയാത്വി'നമസ്കാരം. മറിച്ച് ഇതുകൊണ്ടുദ്ദേശിക്കുന്നത് ആളുകൾ എതിർക്കാതിരിക്കുക എന്നതാണ്.' ജനങ്ങളെ ഭയക്കുന്നു. മൗലവി ഗുലാം അലി സാഹിബ് ചെയ്തതുപോലെ പലയാളുകളും ഇങ്ങനെ മുതലെടുക്കുന്നു. ഒരുഭാഗത്ത് ജുമുഅ നമസ്കരിച്ചു എന്ന കാര്യത്തിൽ മനസ്സാ സന്തോഷവാനായിരിക്കുക. മറുഭാഗത്ത് ജനങ്ങളെ സുഖിപ്പിക്കുന്നതിനുവേണ്ടി നാല് റക്അത്ത് ളുഹ്ർ നമസ്കരിക്കുക.'(തഫ്സീറെ കബീ ർ വാള്യം 6 പേജ് 382-383)

നമ്മുടെ ജമാഅത്തിലെ അധികമാളുകളും താടിവടിക്കുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഒരു മജ്ലിസ്സിൽ ഒരിക്കൽ ആരോ പറഞ്ഞു. അവിടന്ന് പറഞ്ഞു, 'യഥാർഥ കാര്യം ദൈവത്തിനോടുള്ള സ്നേഹമാണ്. അവരുടെ മനസ്സുകളിൽ അല്ലാഹുവിനോടു സ്നേഹമുണ്ടാകുമ്പോൾ സ്വയമേവ അവർ താടിവെക്കാൻ തുടങ്ങും.'(അൻവാറുൽഉലൂം വാള്യം 18 പേജ് 465)

നമ്മൾ യാഥാർഥമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാര്യങ്ങൾ മനസ്സിലാക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. യഥാർഥമായ ദൈവസ്നേഹം നമ്മളിൽ ഉണ്ടാകുമാറാകട്ടെ. നമ്മുടെ എല്ലാ കർമവും പ്രവൃത്തിയും അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ളതായിരിക്ക ട്ടെ.

നമസ്കാരത്തിനുശേഷം ഒരു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ഈ ജനാസ സിറിയയിലെ അബ്ദുന്നൂർ ജാബി സാഹിബിന്റേതാണ്. 1989 ലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തെ അവിടത്തെ സർക്കാർ അറസ്റ്റു ചെയ്തിരുന്നുവെന്നാണ് മനസ്സിലാകുന്നത്. ശരിയായ നിലയിൽ അദ്ദേഹത്തിന്റെ വിവരങ്ങളും എഴുതിയിട്ടില്ല. അവിടന്ന് കിട്ടിയ വിവരങ്ങളനുസരിച്ച് കുറച്ചുമാസംമുമ്പേ അദ്ദേഹം ബിസിനസ് മാനേജ്മെന്റ് യൂണിവേഴ്സിറ്റിയിൽനിന്ന് ഡിഗ്രി നേടിയിരുന്നു. 2013 ഡിസംബർ 31 ന് അവിടെത്തെ സർക്കാർ അധികൃതർ അദ്ദേഹത്തെ അറസ്റ്റു ചെയ്തിരുന്നു. അറസ്റ്റിനു കാരണമിതാണ്. അദ്ദേഹത്തിന്റെ ഫോൺ ആരോ ഇരവ് വാങ്ങിയിരുന്നു. അയാൾ അവിടെത്ത കലാപകാരികൾക്ക് അതിൽനിന്ന് ഫോൺ ചെയ്തു. ഈ സംഭവം നടക്കുന്നത് സിറിയയിലെ അവസ്ഥ വഷളായി തുടങ്ങുന്ന നാളുകളിലാണ്. ആർക്കെങ്കിലും ഏതെങ്കിലും നേരത്ത് ഇരവായി കൊണ്ട് ഫോൺ കൊടുക്കുന്നത് അന്ന് ആക്ഷേപാർഹമായിരുന്നില്ല. എന്തായാലും വിപ്ലവകാരികളിലാരോ അദ്ദേഹത്തിൽനിന്ന് ഫോൺവാങ്ങി തന്റെ സുഹൃത്തിനോടു സാമ്പത്തിക ഇടപാടുകളെക്കുറിച്ച് സംസാരിച്ചു. അങ്ങനെ അതിനെ കുറിച്ച് സർക്കാർ തലത്തിൽ അന്വേഷണം വന്നു. ഇദ്ദേഹത്തെ അവർ പിടിച്ചു. അന്വേഷണത്തിനൊടുവിൽ അദ്ദേഹത്തിന്റെ ഫോണിൽ നിന്നാണ് വിളി പോയിട്ടുള്ളതെന്ന് തെളിഞ്ഞു. അദ്ദേഹത്തിന് വിപ്ലവകാരികളുമായി ബന്ധമുണ്ടെന്ന് സ്ഥാപിച്ചു. ഇക്കാരണത്താൽ അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. അതിനുശേഷം ശഹീദാക്കുകയും ചെയ്തു. റിപ്പോർട്ടനുസരിച്ച് അറസ്റ്റു ചെയ്യപ്പെട്ടതിന്റെ മൂന്നാമത്തെ ദിവസംതന്നെ ഗുരുതരമായ പരിക്കുകാരണത്താൽ അദ്ദേഹം മരണപ്പെട്ടിരുന്നു. കാരണം പോലീസുകാരും കഠിനമായി മർദിച്ചുകൊണ്ടാണ് ചോദ്യം ചെയ്യാറുള്ളത്. കലാപകാരികളുടെ അവസ്ഥ തന്നെയാണ് സർക്കാറിന്റേതും. അദ്ദേഹത്തിന്റെ മരണവിവരം 2016 ഫെബ്രുവരി 22 നാണ് വീട്ടുകാർക്ക് ലഭിച്ചത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

സലീം അൽജാബി സാഹിബിന്റെ പവിത്രനായിരുന്നു ഇദ്ദേഹം. സലീം അൽജാബി സാഹിബ് പഴയകാല അഹ്മദിയും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ റബ്വയിൽ പോയ ആളുമാണ്. ഉർദുഭാഷ നല്ലവശമായിരുന്നു.

ഇദ്ദേഹം തന്റെ ചുറ്റുവട്ടത്തും ഇദ്ദേഹത്തെ അറിയുന്നവരിലും നല്ല സ്വഭാവമുള്ളയാളും മാന്യമായ പ്രകൃതക്കാരനും മൃദുഭാഷിയും സൗമ്യനുമായി അറിയപ്പെട്ടിരുന്നു. കാർക്കശ്യസ്വഭാവക്കാരനായിരുന്നില്ല. ആരോഗ്യവാനും ശക്തമായ ശരീരത്തിന്റെ ഉടമയുമായിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരി ഹിബത്തുർറഹ്മാൻ ജാബി പറയുന്നു: "എന്റെ സഹോദരൻ ജനിക്കുന്നതിനുമുമ്പേ തനിക്കൊരു മകനുണ്ടായതായും നിങ്ങൾ ഒരു പ്രകാശത്തിന് ജന്മം നല്കിയിരിക്കുന്നുവെന്ന് ആരോ പറയുന്നതായും ഉമ്മ സ്വപ്നം കണ്ടിരുന്നു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇദ്ദേഹത്തിന് അബ്ദുന്നൂർ എന്ന് പേരിട്ടു.' പറയുന്നു: 'എന്റെ സഹോദരൻ വളരെ അനുസരണശീലനും കഴിവുള്ള ആളുമായിരുന്നു. ഇദ്ദേഹത്തിന്റെ ബുദ്ധിസാമർഥ്യത്തേയും കഴിവിനേയും എല്ലാവരും പ്രശംസിച്ചിരുന്നു. ഞാൻ അബ്ദുന്നൂറുമായി അവസാനം സംസാരിച്ചപ്പോൾ വ്യത്യസ്തമായ ശബ്ദത്തിൽ പറഞ്ഞത്, 'ഞാൻ സത്യവാനായ അഹ്മദിയാണെങ്കിൽ മറ്റുള്ളവർക്ക് മാപ്പുകൊടുക്കേണ്ടത് എനിക്ക് പഠിക്കേണ്ടതുണ്ട്' എന്നായിരുന്നു." അല്ലാഹു ഇദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക്- മാതാവ്, സഹോദരി, സഹോദരൻ, പിതാമഹനുമുണ്ട് ഇവർക്കെല്ലാം ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

സിറിയയിലെ അവസ്ഥ നന്നായി തീരുന്നതിന് ദുആ ചെയ്യുക. അവിടെ സർക്കാറിന്റെ അക്രമം കാരണത്താൽത്തന്നെയാണ് വിപ്ലവകാരികൾ എഴുന്നേറ്റത്. ഇപ്പോൾ രണ്ടുകൂട്ടരും അതിക്രമങ്ങളിൽ മുന്നിട്ടു നില്ക്കുകയാണ്. മൂന്നാമത്തെ ഗ്രൂപ്പ് ഐ എസ്സിന്റേതാണ്. അവർ ഇസ്ലാമിന്റെ പേരിൽ അക്രമങ്ങളുടെ മറ്റൊരു മാതൃക കാഴ്ചവെച്ചുകൊണ്ടിരിക്കുകയാണ്. അവിടെ വസിക്കുന്ന മാന്യരായ ആളുകളും അഹ്മദികളും ഒരു ഗ്രൂപ്പിലും പെടാത്തവരാണ്. അവർ കെടുതികൾ സഹിച്ചുകൊണ്ടിരിക്കുന്നു. സർക്കാരിൽനിന്നുപോലും അവർ സുരക്ഷിതരല്ല. സർക്കാരും വിപ്ലവകാരികളും അതിക്രമികളായി തീർന്നിരിക്കുകയാണ്. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. ഈ രാജ്യത്തിന്റെമേലും കരുണചെയ്യുമാറാകട്ടെ. അക്രമികളിൽനിന്ന് ഈ രാജ്യത്തിന് എത്രയും വേഗം മോചനം നല്കുമാറാകട്ടെ.

**(- പേജ് 1ൽ നിന്ന്)**

ജീവിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ നിരവധി മരണം അവർ സ്വയം വരിക്കുന്നു. കഠിനപ്രയത്നങ്ങളിൽ സ്വമേധയാ തങ്ങളെ അകപ്പെടുത്തുന്നു. അതിലേക്കാണ് *ലഅല്ലക്ക ബാഖിഉൻ നഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ* എന്ന ഖുർആനിക വചനം സൂചന നൽകുന്നത്. (അവർ വിശ്വാസികളാകാത്ത കാരണത്താൽ നീ നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ). (26:4) അപ്പോൾ, അല്ലാഹു സൃഷ്ടിജാലങ്ങളിൽനിന്ന് അതീതനും ഐശ്വര്യമുടയവനുമാണെങ്കിൽതന്നെയും നബിയുടെ ഇടതടവില്ലാത്ത ദുഃഖവും വേദനയും കഷ്ടപ്പാടും അസ്വസ്ഥതയും താഴ്മയും ഇല്ലായ്മയും സത്യസന്ധതയും പരിശുദ്ധിയും കണ്ടിട്ട് സൃഷ്ടികളിലെ സന്നദ്ധഹൃദയങ്ങളിൽ അടയാളങ്ങളോടുകൂടി തന്റെ മുഖം പ്രകടമാക്കുന്നു. ദൈവിക സന്നിധിയിൽ കോളിളക്കം സൃഷ്ടിക്കുന്ന അദ്ദേഹത്തിന്റെ അത്യുജ്ജ്വലമായ പ്രാർഥനയുടെ ഫലമായി അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ഭൂമിയിൽ മഴപോലെ വർഷിക്കുന്നു. മനുഷ്യശക്തിക്കതീതമായ അടയാളങ്ങൾ ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നു. അതിലൂടെ ദൈവത്തിന്റെ മുഖം പ്രകടമാവുകയും ദൈവം ഉണ്ടെന്ന് ലോകം കാണുകയും ചെയ്യുന്നു. എന്നാൽ, പരിശുദ്ധനായ നബി കരഞ്ഞുകരഞ്ഞ് ഉള്ളുരുകി പ്രാർഥിക്കാതെ, അല്ലാഹുവിലേക്ക് ശ്രദ്ധചെലുത്താതെ, ദൈവമുഖത്തിന്റെ തിളക്കം ലോകത്ത് പ്രകടമാക്കുന്നതിന് തങ്ങളുടേതായ ത്യാഗം ചെയ്യാതെ, ഓരോ ചുവടുവയ്പിലും നൂറുക്കണക്കിന് മരണം സ്വീകരിക്കാൻ തയ്യാറാവാതെ ഇരിക്കുകയാണെങ്കിൽ ദൈവത്തിന്റെ മുഖം ഒരിക്കലും ലോകത്ത് പ്രകടമാകുകയില്ല. (ഹഖീഖത്തുൽ വഹ്യ് റൂഹാനീ ഖസായിൻ വാള്യം 22 പേജ് 114-117)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor:H.Shamsuddin